# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.15 | No.10 | കാർത്തികപ്പള്ളി | R.No. 7361/02 | 2015 OCTOBER

*e-paper : vedabhimani*


## ഏൻ ഗെദി



ഏൻ ഗെദി ചുരുളിന്റെ രഹസ്യം ശാസ്ത്രത്തിന്റെ പിന്തുണയോടെ തിരിച്ചറിഞ്ഞു. 1970-ൽ കണ്ടെടുക്കപ്പെട്ട കത്തിയ ചുരുളുകൾ വർഷങ്ങൾ നീണ്ട ഗവേഷണത്തിനൊടുവിൽ ബൈബിളിന്റെ എബ്രായ പതിപ്പാണെന്നു കണ്ടെത്തി. ഇതിന് 1,500 വർഷത്തിലേറെ പഴക്കമുണ്ടെന്നാണു നിഗമനം.

2.7 ഇഞ്ച് വലിപ്പമുള്ള ചുരുളുകളിൽ ലേവ്യപുസ്തകം ആണ് അടങ്ങിയിട്ടുള്ളതെന്നും ഗവേഷകർ കണ്ടെത്തി. ആറാം നൂറ്റാണ്ടിന്റെ അവസാന ഭാഗത്ത് എഴുതപ്പെട്ട ഈ ചുരുൾ ഇതുവരെ കണ്ടെത്തിയതിൽ വച്ച് ഏറ്റവും പഴക്കമുള്ള എബ്രായ പതിപ്പാണ്. ചാവുകടൽ തീരത്തുള്ള അതിപുരാതന സിനഗോഗുകളിലൊന്നായ ഏൻ ഗെദിയിലുള്ള പേടകത്തിൽനിന്നാണ് ഇതു കണ്ടെത്തിയത്. കത്തിക്കരിഞ്ഞ ചുരുൾ ലിഖിതങ്ങൾ വായിച്ചെടുക്കാൻ ശാസ്ത്രജ്ഞർ ഏറെ പണിപ്പെട്ടെങ്കിലും ഇതുവരെ നിരാശയായിരുന്നു ഫലം. മൂന്നു പതിറ്റാണ്ടിനിപ്പുറം ത്രിമാന സി.ടി. സ്കാനിങ് ഉപയോഗിച്ചാണ് ഇപ്പോൾ കുറിപ്പുകൾ ബൈബിൾ ലിഖിതമാണെന്നു സ്ഥിരീകരിച്ചിരിക്കുന്നത്.

# ഇതാ ഒരു വലിയ നല്ല മനുഷ്യൻ

മുഷിഞ്ഞ മുണ്ടും ഷർട്ടും, തേഞ്ഞ് തീരാറായ ചെരിപ്പ്, തോളിൽ ഒരു തുണി സഞ്ചി. നരച്ച മുടിയും നന്മ സ്ഫുരിക്കുന്ന കണ്ണുകളുമായി ഒരു പൊക്കക്കാരൻ. തിരുവനന്തപുരം മെഡിക്കൽ കോളജിലെ പഴയ അത്യാഹിത വിഭാഗത്തിനു സമീപത്തെ ഒരു പതിവ് കാഴ്ചയാണ് ഇദ്ദേഹം. പേര് ടോം ബ്രദർ. അടുത്തുകൂടുന്ന രോഗികൾക്ക് ആഹാരവും, അടുത്തുള്ള ഷോപ്പിലേക്ക് നടന്ന് മരുന്നും വാങ്ങി നൽകുന്നു. അതൊരു കണ്ണ് കുളിർപ്പിക്കുന്ന കാഴ്ചയാണ്. ഇതാണ് നമ്മുടെ ടോംബ്രദർ. ഓസ്ട്രേലിയയിൽ നിന്നു ഭാരതം കാണാൻ എത്തിയ വിദേശി ഒടുവിൽ നാട്ടുകാർക്ക് കൈത്താങ്ങായ കഥ.

ടോം സതർലാന്റ് എന്ന 79 കാരൻ ഓസ്ട്രേലിയയിലെ മെൽബണിലാണ് ജനിച്ചത്. പഠനത്തിനു ശേഷം ടീച്ചേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ അധ്യാപകനായി. സോഷ്യൽ സയൻസ് ആയിരുന്നു വിഷയം. അധ്യാപനത്തിൽ അധികം താൽപ്പര്യം ഉണ്ടായിരുന്നിട്ടും തന്റെ മനസ് എവിടേക്കോ പോകുന്നതായി അദ്ദേഹം തിരിച്ചറിഞ്ഞിരുന്നു. തന്റെ പിതാവും മാതാവും ഭാരതത്തെ കുറിച്ച് നൽകിയ അറിവാണ് തന്നെ അലട്ടുന്നതെന്ന് ടോം മനസിലാക്കി. 1925 മുതൽ നാലു വർഷം വൈ.എം.സി.എ.യുടെ മേധാവിയായിരുന്നു ടോം ബ്രദറിന്റെ പിതാവ് വില്യം സതർലാന്റ്. ഇൻഡ്യയിൽ വച്ചായിരുന്നു വില്യമിന്റെ വിവാഹവും.

മനസിൽ ഇൻഡ്യ ഒരു വികാരമാകുന്നതിനിടയിലാണ് ടോം അവിചാരിതമായി ഒരു നാടോടി ആകുന്നത്. ആരോടും പറയാതെ താൻ എഴുതിക്കൊണ്ടിരുന്ന ഗവേഷണ പ്രബന്ധം ഉപേക്ഷിച്ച് അദ്ദേഹം ഇൻഡ്യയിലേക്ക് കപ്പൽകയറി. 1975ലാണ് അദ്ദേഹം ഇൻഡ്യയിൽ എത്തുന്നത്. കൽക്കട്ടയിൽ മദർതെരേസയുടെ ആശ്രമത്തിലായിരുന്നു വന്നെത്തിയത്. അവിടത്തെ അന്തരീക്ഷത്തിൽ ടോം ആതുര സേവനത്തിന് സമയം കണ്ടെത്തി. ഒരു വർഷത്തെ സേവനത്തിനുശേഷം ഒരു മലയാളിയുടെ നിർബന്ധപ്രകാരമാണ് ടോം കേരളത്തിലെത്തുന്നത്.

ടോമിലെ മനുഷ്യസ്നേഹിയെ നാട്ടുകാർ തിരിച്ചറിയുന്നത് ഇവിടുത്തെ വാസത്തിനിടയിലാണ്. നിത്യവും തിരുവനന്തപുരം മെഡിക്കൽ കോളജ്, ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ടോം എത്തും. അനാഥരെ പ്രവേശിപ്പിച്ചരിക്കുന്ന വാർഡുകളിൽ എത്തി അവരെ പരിചരിക്കും. മെഡിക്കൽകോളജിൽ ആരും സഹായത്തിനില്ലാതെ



വ്രണം ബാധിച്ച് കിടക്കുന്ന രോഗികളെ വരെ കണ്ടെത്തി അവരെ ദിവസങ്ങളോളം ശുശ്രൂഷിക്കും.

വസ്ത്രം വാങ്ങി നൽകുന്നതിനു പുറമേ മരുന്നുകളും വാങ്ങി നൽകും. ഇതൊരു തപസ്യയായി നടത്തുന്ന ടോം ആശുപത്രികളിലെ നിത്യസന്ദർശകനായി മാറി. ഡോക്ടർമാർക്കും പ്രിയം. മാസത്തിൽ മിക്ക ദിവസവും രോഗികളെ സന്ദർശിച്ച് അവരെ ശുശ്രൂഷിക്കുന്നതിനാണ് ടോം സമയം നീക്കിവയ്ക്കുന്നത്. ടോമിനെ കണ്ടാൽത്തന്നെ രോഗികൾക്ക് ആശ്വാസമാണെന്നാണ് മെഡിക്കൽകോളജ് സൂപ്രണ്ട് പറഞ്ഞത്. ഓരോ രോഗിക്കും ഓരോ ദിനം എന്ന നിലയ്ക്കാണ് ടോം തന്റെ സേവനം നീക്കിവയ്ക്കുന്നത്. വൃക്കരോഗികൾക്ക് മാസത്തിലെ രണ്ടു ശനിയാഴ്ച. ഹൃദ്രോഗികൾക്ക് മാസത്തിൽ എല്ലാ തിങ്കളാഴ്ചയും. ആ ദിനത്തിൽ മെഡിക്കൽ കോളജിലെ സ്ഥിരം നിൽപ്പുകേന്ദ്രത്തിൽ ടോം കാത്തുനിൽക്കും. തുടർന്ന് രോഗികൾ എത്തുകയായി. കുറിപ്പ് നോക്കി മരുന്ന് വാങ്ങി നൽകും.

അപ്രതീക്ഷിതമായാണ് ബ്രദറിന്റെ വരവും പോക്കും. ഏതു സമയത്തും വരാം പോകാം. സ്വന്തമായി മൊബൈൽ ഫോണോ, ലാൻഡ് ഫോണോ ഇല്ല. സഹായി ഫിലിപ്പാണ് ബന്ധപ്പെടാനുള്ള ഏക മാർഗം. എന്നാൽ രോഗികളെ കാണേണ്ട ദിവസത്തിൽ ടോം അവിടെ ഉണ്ടായിരിക്കും. അനാഥരായ രോഗികളെ കണ്ടെത്താൻ ആശുപത്രി സന്ദർശനവും ഒഴിവാക്കാറില്ല. മുൻപ് ഒരു സൈക്കിൾ ഉണ്ടായിരുന്നു. എന്നാൽ സൈക്കിൾ യാത്ര ഒഴിവാക്കി ഇപ്പോൾ ബസ്സിലാണ് പര്യടനം.

ഇതുപോലൊരു വലിയ മനുഷ്യനെ കാണാനായതിൽ വേദാഭിമാനിക്ക് സന്തോഷമുണ്ട്. ടോം ബ്രദറിന് ഞങ്ങളുടെ സ്നേഹവും സന്തോഷവും നിറഞ്ഞ വലിയ നമസ്ക്കാരം.

## ടവർ മരങ്ങൾ



ഒറ്റക്കാഴ്ചയിൽ ഒറിജിനൽ മരങ്ങൾ തന്നെ. പക്ഷേ, അടുത്തു ചെന്ന് സൂക്ഷിച്ചുനോക്കിയാൽ സത്യം മനസ്സിലാവും. ഇവ മരങ്ങളല്ല. മരങ്ങളുടെ രൂപത്തിൽ ഡിസൈൻ ചെയ്ത രസികൻ മൊബൈൽ ടവറുകളാണ്!

അമേരിക്കൻ ഐക്യനാടുകളിലെ മരുഭൂമികളുടെ നാടെന്ന് വിശേഷിപ്പിക്കപ്പെടുന്ന അരിസോണയിലും അമേരിക്കയിലെ തന്നെ കാലിഫോർണിയയിലും ഇത്തരം മൊബൈൽ ടവറുകൾ സാധാരണ കാഴ്ചയാണ്. ഇംഗ്ലണ്ടിലുമുണ്ട് ടവർ മരങ്ങൾ.


**വേദാഭിമാനി**
**വായിക്കുക – പ്രതികരിക്കുക**

**റൈറ്റസ് കാർത്തികപ്പള്ളി**
കേരള-690516
✆ 9847232598
✆ 9847990939
vedabhimani@gmail.com


# സ്വസ്ഥമായ വിലപ്പെട്ട ജീവിതത്തിന് ഒറ്റപ്പെട്ട വഴി



10 ലക്ഷത്തോളം രൂപ പ്രതിമാസ ശമ്പളം. താമസിക്കാൻ ആഡംബര വീടും മറ്റു സൗകര്യങ്ങളും. ആരെയും മോഹിപ്പിക്കുന്ന ജീവിതം. ഇതെല്ലാം ഉപേക്ഷിച്ച് ഒറ്റപ്പെട്ട ദ്വീപിൽ കുടിൽവച്ചു കഴിയുകയാണ് ജോൺ വാറ്റ്കിൻസൺ(31). വീട്ടുകാരെയും ബന്ധുക്കളെയുമൊക്കെ പിരിഞ്ഞു സ്വസ്ഥ ജീവിതത്തിനായാണ് ഇദ്ദേഹം ഒറ്റപ്പെട്ട വഴി തെരഞ്ഞെടുത്തത്.

പ്രതിമാസം 10 ലക്ഷം രൂപ പ്രതിഫലം കിട്ടുന്ന ബാങ്ക് ജോലിയുപേക്ഷിച്ചാണു ജോൺ 27-ാം വയസിൽ നാടുവിട്ടത്. വീട്ടിൽനിന്നിറങ്ങി തെക്കുകിഴക്കനേഷ്യ മുഴുവൻ ചുറ്റിയതിനുശേഷം ബാങ്കോക്കിലേക്കു ടിക്കറ്റെടുത്തു. തെക്കൻ ലാവോസിൽ മെക്കോങ് നദിയിലുള്ള ഡോൺ ഡെറ്റ് ദ്വീപിൽ താമസവുമാക്കി. ഭക്ഷണം തേപ്പിടിച്ച്, വസ്ത്രങ്ങൾ നദിയിൽ അലക്കി, ആധുനിക സാങ്കേതികവിദ്യകളിൽനിന്നെല്ലാം അകന്നു ജീവിക്കുമ്പോഴും അത്യാഹ്ലാദവാനാണു താനെന്നു ജോൺ പറയുന്നു. കുടുംബത്തെയും സുഹൃത്തുക്കളെയും പിരിയേണ്ടിവന്നതു മാത്രമാണ് ഏക ദുഃഖം. എന്നാൽ, അതിനേക്കാളെല്ലാം വിലപ്പെട്ടതാണീ ജീവിതമെന്നും അദ്ദേഹം തിരുത്തുന്നു.

കിഴക്കൻ ആംഗ്ലിയയിൽ ജനിച്ച ജോൺ പത്തൊമ്പതാം വയസിൽ സാമ്പത്തികരംഗത്തു ജോലിയാരംഭിച്ചു. തുടർന്നു ലണ്ടനിലെതന്നെ ഏറ്റവും ഉയർന്ന ബാങ്കറായി. എന്നാൽ, ആഹ്ലാദമൊട്ടുമില്ലാത്ത ജോലിയൊരു കുരുക്കായെന്നു വളരെപ്പെട്ടെന്നു തിരിച്ചറിഞ്ഞ ജോൺ വഴിമാറാൻ തീരുമാനിച്ചു. ജോലിയുപേക്ഷിച്ച്, വീടും സ്ഥലവും വിറ്റു യാത്ര ചെയ്യാൻ തീരുമാനിച്ചു. ഏറ്റവുമൊടുവിൽ ഡോൺ ഡെറ്റ് ദ്വീപിലുമെത്തി. നാനൂറു പേർ മാത്രമാണു താമസക്കാർ. എല്ലാം മറന്നു ജീവിക്കാൻ നാട്ടുകാരുടെ സ്നേഹവും പ്രേരണ നൽകിയെന്നു ജോൺ പറയുന്നു.



## വേദസന്ദേശം

ഒരിക്കൽ കാട്ടിൽ തമ്പടിച്ചിരുന്ന പട്ടാളക്കാരോട് മേലധികാരി പറഞ്ഞു: നിങ്ങൾ ഓരോരുത്തരും പത്തടി നീളമുള്ള മരം മുറിച്ച് വേഗം അടുത്തുള്ള പട്ടണത്തിൽ എത്തണം. പട്ടാളക്കാർ ഓരോരുത്തരും പത്തടിനീളമുള്ള മരം മുറിച്ച് തോളത്തുവച്ച് പട്ടണത്തിലേക്ക് നീങ്ങി. കൂട്ടത്തിൽ ഒരു പട്ടാളക്കാരൻ ചിന്തിച്ചു പത്തടി നീളമുള്ള മരത്തിന് ഭയങ്കര ഭാരമായിരിക്കും അഞ്ചടി നീളം മതി. അങ്ങനെ ചിന്തിച്ച് ചെറിയൊരു തടിയും തോളത്തുവച്ച് അയാൾ അവരോടൊപ്പം നടന്നു. അപ്പോഴാണ് അവർ പോകുന്ന വഴിയ്ക്ക് കുറുകെയായി വൻ കിടങ്ങ് കണ്ടത്. പട്ടാളക്കാർ ഓരോരുത്തരും കയ്യിലുള്ള തടി കിടങ്ങിനു കുറുകെ വച്ച് അതിലൂടെ നടന്ന് അപ്പുറത്ത് എത്തി. എന്നാൽ അഞ്ചടി മാത്രം നീളമുള്ള തടിയുമായി എത്തിയ പട്ടാളക്കാരൻ കിടങ്ങ് കടക്കാനാകാതെ പകച്ചു നിന്നു. ഇതുപോലെ വേദപുസ്തക വ്യവസ്ഥകൾ ലഘൂകരിച്ച് തങ്ങൾക്ക് തോന്നിയതുപോലെ ജീവിച്ചിട്ട് സ്വർഗ്ഗത്തിൽ എത്താമെന്ന് ചിന്തിക്കുന്നത് വെറും ഒരു വ്യാമോഹം മാത്രമാണ്.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർക്കി | റൈറ്റസ് കാർത്തികപ്പള്ളി | ഇന്ത്യ - Rs.50 \| മറ്റ് രാജ്യങ്ങൾ - Rs.2000 | വേദാഭിമാനി, കേരള 690516 |

# വെളിച്ചം പടിയിറങ്ങിയാൽ



യഹോവയായ ദൈവം ഈ ലോകത്തെ നോക്കി ഉച്ചരിച്ച ആദ്യവചനം : 'വെളിച്ചമുണ്ടാകട്ടെ' (Lux Fiat) എന്നാണ്. ആ വെളിച്ചത്തിന്റെ തണലിലാണ് ഞാനും, നിങ്ങളും ആയിരിക്കുന്നതും ചരിക്കുന്നതും. വെളിച്ചം കെട്ടുപോകാതിരിക്കാൻ കാലാകാലങ്ങളിൽ യഹോവ രാജാക്കന്മാർ വഴിയും ന്യായാധിപന്മാർ വഴിയും പ്രവാചകന്മാർ വഴിയും വചനത്തിന്റെ എണ്ണ പകർന്നുകൊണ്ടിരുന്നു. എന്നാൽ കാലചക്രത്തിന്റെ സ്വർഗ്ഗീയ നിമിഷത്തിൽ ദീപം തന്നെയായവൻ അവതരിച്ചു. യേശുക്രിസ്തു. അവിടുന്ന് വെളിച്ചത്തിന്റെ പൂർണ്ണതയെന്ന് ഓർമ്മിപ്പിക്കാനും, ഒരിക്കലും ആരും മറക്കാതിരിക്കാനും പ്രകാശം വാൽ നക്ഷത്രത്തിന്റെ രൂപത്തിൽ ആകാശവിതാനത്തിൽ മിഴിതുറന്നു, അവിടുന്ന് കാൽവരി കുന്നിന്റെ നെറുകയിൽ മിഴിയടച്ചപ്പോൾ സംഭവിച്ചതോ 'ലോകമെങ്ങും അന്ധകാരം വ്യാപിച്ചു' ഇതിനർത്ഥം മറ്റൊന്നല്ല, വെളിച്ചം ജീവിതത്തിൽനിന്നും പടിയിറങ്ങിയാൽ അന്ധകാരം വ്യാപിക്കും; ജീവിതത്തിലും ലോകത്തിലും.



വെളിച്ചമായവൻ ലോകത്തോടായ് പറഞ്ഞു 'ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു' (യോഹ.8:12). നാളിതുവരെ ഒരു ഗുരുവും ഇങ്ങനെ അവകാശപ്പെട്ടിട്ടില്ല എന്നോർക്കണം. നാളുകൾ കഴിഞ്ഞു. പലതും അവിടുന്ന് പഠിപ്പിച്ചു; ഉപമകളിലൂടെയും, അത്ഭുതങ്ങളിലൂടെയും, സാരോപദേശങ്ങളിലൂടെയും. തുടർന്ന് നമ്മോടായ് പറഞ്ഞു: 'നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു' (മത്തായി 5:14-16). 'ലോകത്തിൽ പ്രകാശം കടന്നുവന്നപ്പോൾ ലോകം പ്രകാശത്തേക്കാൾ അന്ധകാരത്തെയാണ് ഇഷ്ടപ്പെട്ടത്'. എന്തെന്നാൽ, 'ഈ യുഗത്തിന്റെ മക്കൾ തങ്ങളുടെ തലമുറയിൽ വെളിച്ചത്തിന്റെ മക്കളേക്കാൾ ബുദ്ധിശാലികളാണ്' (ലൂക്കോ. 16:8). ലോകത്തിന് സംഭവിച്ച, സംഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും വലിയ ദുരന്തം ഇതാണ്. വെളിച്ചം ലഭിച്ചിട്ടും ഇഷ്ടം ഇരുട്ടിനെ. യാത്രയോ; ഇരുട്ടിൽ നിന്നും കൂരിരുട്ടിലേക്ക്.

കാരണമെന്താ? ദീപം കെട്ടുപോകാതിരിക്കാനുള്ള എണ്ണ ജീവിതത്തിൽ ബാക്കിയില്ല. മണവാളനെ വരവേല്ക്കാൻ പുറപ്പെട്ട പത്ത് കന്യകമാരുടെ ഉപമ ബൈബിളിലുണ്ട്. അതിൽ അഞ്ചുപേരെ മാത്രമേ നാം വിവേകമതികൾ എന്നു വിളിക്കുന്നുള്ളു. കാരണം, ആത്മനിറവിൻ ജീവിതത്തിൽ നിന്ന് ഊറിവരുന്ന ഇത്തിരി എണ്ണ കരുതലോടെ കരുത്തായ് അവരുടെ കൂടെയുണ്ടായിരുന്നു. ഇത്രയും നാൾ ജീവിതം ജീവിച്ചുതീർത്തിട്ട് മണവാളനെ വരവേല്ക്കാൻ, അവനോടൊത്ത് വിരുന്നിന് പ്രവേശിക്കുമ്പോൾ തിരിതെളിക്കാൻ വല്ല എണ്ണയും നിങ്ങളുടെ കൈവശം ബാക്കിയുണ്ടോ?

ടാഗോറിന്റെ ഗീതാഞ്ജലിയിൽ അത്രകണ്ട് ശ്രദ്ധിക്കാതെ വായിച്ചുപോകുന്ന ഒരു കൊച്ചു കഥയുണ്ട്, ഒരു പെൺകുട്ടിയുടേത്. അവൾ ഒരു ദീപവുമായ് പോവുകയാണ്. ഒരാൾ ചോദിച്ചു: 'കുട്ടീ ദീപവുമായ് എങ്ങോട്ടാ പോകുന്നേ. അവൾ പറഞ്ഞു: ദീപങ്ങളുടെ ഉത്സവദിനമാണിന്ന്. അതിനാൽ ഈ ദീപം വെള്ളത്തിൽ ഒഴുക്കിക്കളയാൻ പോവുകയാണ്. അയാൾ പറഞ്ഞു, എന്റെ ഉള്ളിൽ, എന്റെ വീട്ടിൽ അന്ധകാരമാണ്. ആ വെളിച്ചം പാഴാക്കാതെ എന്റെ ഭവനത്തിൽ കത്തിച്ചു വയ്ക്കൂ.'

ഓരോ ക്രിസ്തു ശിഷ്യനും അനുദിനം അനുനിമിഷം യാചിക്കേണ്ട പ്രാർത്ഥനയാണിത്. 'വെളിച്ചം നല്കേണമേ.' പക്ഷേ കൂടെ നടന്ന ശിഷ്യൻ അത് ചോദിക്കുന്നതായ് കാണുന്നില്ല. അവൻ ചോദിക്കുന്നത് അധികാരമാണ്. വലതുവശത്തും ഇടതുവശത്തും ഇരിക്കാനുള്ള അധികാരം. അതിനാൽ കൂടെയുള്ളവൻ ചോദിക്കേണ്ടത് വഴിയരികിലിരുന്നവൻ ചോദിച്ചു. 'വെളിച്ചം തരേണമേ' അവന് വെളിച്ചം ലഭിച്ചു. അവന്റെ കണ്ണ് തുറന്നു. വഴിയരികിലുന്നവൻ എത്രയോ ഭാഗ്യവാൻ. ജീവിതം മുഴുവനും അന്ധതയിലിരുന്നവൻ മിഴിതുറന്നു കിട്ടിയപ്പോൾ ആദ്യം കണ്ടത് കാണേണ്ടവനെ തന്നെയാണ്; വിശ്വപ്രകാശത്തെ.

നമ്മുടെ മിഴികൾ തുറക്കപ്പെടണം. 'എഫാത്താ' അനുഭവം വേണം. അപ്പോൾ മാത്രമേ ജീവിതത്തിൽ കാണേണ്ടതിനെയും കാണേണ്ടവനെയും കാണാൻ കഴിയൂ. കണ്ണിലെ വെളിച്ചം നഷ്ടമാകാൻ പാടില്ല. ശരീരത്തിന്റെ വിളക്കാണല്ലോ കണ്ണ്. ഒരു യുവാവ് ഗുരുവിനോട് ചോദിച്ചു: ഗുരു എനിക്ക് മനോഹരമായ രണ്ടു കണ്ണുകൾ നല്കിയതാരാ? ദൈവം. സ്ത്രീയ്ക്ക് സൗന്ദര്യം നല്കിയതാരാ? ദൈവം. എങ്കിൽ എന്റെ മനോഹരമായ കണ്ണുകൾ കൊണ്ട് സുന്ദരികളായ സ്ത്രീകളെ നോക്കുന്നതിൽ എന്താ തെറ്റ്? ഗുരു പറഞ്ഞു, 'കുഞ്ഞേ ദൈവം കൺപോളകൾ കൂടി നല്കിയിട്ടുണ്ടല്ലോ, കാണേണ്ടത് കാണാനും അല്ലാത്തതിന് നേരെ കണ്ണടയ്ക്കാനും'. മറ്റുള്ളവരിൽ നന്മ ദർശിക്കുന്നതും മറ്റുള്ളവരെ ആദരവോടെ, സ്നേഹത്തോടെ നോക്കുന്നതുമായ നയനങ്ങൾ എത്രയോ സൗന്ദര്യപൂർണ്ണമാണ്. വെളിച്ചം കെടാതെ പ്രകാശിക്കട്ടെ. ക്രിസ്തുവിന്റെ വാക്കുകളും ഇത് ശരി വയ്ക്കുന്നു. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻ പ്രകാശിക്കും. കണ്ണ് ദുഷിച്ചതെങ്കിൽ ശരീരം മുഴുവൻ ഇരുണ്ടുപോകും (ലൂക്കോ. 11:34).

# കൊട്ടിഘോഷിക്കാൻ ചില നന്മപ്രവർത്തികൾ

**1938**ലെ ക്രിസ്മസിനു തൊട്ടു മുൻപുള്ള സമയം. നിക്കോളാസ് ജോർജ് വിന്റൺ (1909-2015) എന്ന ബ്രിട്ടീഷ് ചെറുപ്പക്കാരൻ സ്വിറ്റ്സർലൻഡിൽ സ്കീയിംഗിനു പോകാൻ തയാറെടുക്കുകയായിരുന്നു. അപ്പോഴാണു ചെക്കോസ്ലോവാക്യയിൽനിന്നു മാർട്ടിൻ ബ്ലെയ്ക് എന്ന സുഹൃത്തിന്റെ സന്ദേശം വന്നത്. നാസി ജർമനി ചെക്കോസ്ലോവാക്യയിലെ സുഡറ്റൻലാൻഡ് കീഴടക്കിയതിനുശേഷം അവിടെയുള്ള യഹൂദരെ ഇല്ലായ്മ ചെയ്യുന്ന അവസരമായിരുന്നു അത്. അഭയാർഥികളെ സഹായിക്കുന്ന ബ്രിട്ടീഷ് കമ്മിറ്റിയുമായി സഹകരിച്ചു പ്രവർത്തിക്കുന്നതിനായിരുന്നു വിന്റണെ അന്നു മാർട്ടിൻ ചെക്കോസ്ലോവാക്യയിലേക്കു ക്ഷണിച്ചുകൊണ്ടു സന്ദേശമയച്ചത്.

മാർട്ടിന്റെ ക്ഷണം ലഭിച്ച വിന്റൺ തന്റെ വിനോദയാത്ര വേണ്ടെന്നുവച്ചിട്ടു അതിവേഗം ചെക്കോസ്ലോവാക്യയിലെത്തി. അവിടെ എത്തിയപ്പോഴാണു നാസി ഭീകരർ യഹൂദരെ ഇല്ലായ്മചെയ്യുന്നതു നേരിൽ കാണാൻ വിന്റണ് അവസരം ലഭിച്ചത്. അദ്ദേഹം ഉടൻതന്നെ ഉണർന്നു പ്രവർത്തിച്ചു. മുൻപു ഫ്രാൻസിലെയും ജർമനിയിലെയും ബാങ്കിംഗ് മേഖലയിൽ പ്രവർത്തിച്ച പരിചയവും അതിനുശേഷം ലണ്ടനിലെ സ്റ്റോക്ക് ബ്രോക്കർ എന്ന ജോലിവഴി ലഭിച്ച ആത്മവിശ്വാസവും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കു തുണയായി.

മുതിർന്നവർക്കു മറ്റു രാജ്യങ്ങൾ വിസ നൽകാൻ വിസമ്മതിച്ചിരുന്നതുകൊണ്ടു ചോക്കോസ്ലോവാക്യയിലെ യഹൂദരെ അവിടെനിന്നു രക്ഷപ്പെടുത്തുക ഏറെക്കുറെ അസാധ്യമായിരുന്നു. എന്നാൽ, പതിനേഴു വയസിൽ താഴെയുള്ള യഹൂദരെ സ്വീകരിക്കുന്നതിനു ബ്രിട്ടൻ തയാറായിരുന്നതുകൊണ്ടു സാധിക്കുന്നിടത്തോളം കുട്ടികളെ രക്ഷപ്പെടുത്താനായിരുന്നു വിന്റൺ പരിശ്രമിച്ചത്. അതിനുവേണ്ടി ഒരു സംഘടനയും അദ്ദേഹം സ്ഥാപിച്ചു. പ്രാഗിലെ ഒരു ഹോട്ടൽമുറിയായിരുന്നു അദ്ദേഹത്തിന്റെ ഓഫീസ്.

തങ്ങളുടെ മക്കളെ രക്ഷപ്പെടുത്തണമെന്നു കണ്ണീരോടെ യാചിച്ചുകൊണ്ട് നൂറുകണക്കിനു മാതാപിതാക്കൾ നാസികളുടെ കണ്ണുവെട്ടിച്ചു വിന്റണിന്റെ ഓഫീസിലെത്തി. അതുവഴിയായി അയ്യായിരത്തിലേറെ കുട്ടികളുടെ വിശദവിവരങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. പക്ഷേ, അവരെ ബ്രിട്ടണിലേക്ക് അയയ്ക്കുകയാണെങ്കിൽ ബ്രിട്ടനിൽ അവരെ സ്വീകരിക്കാൻ വിവിധ കുടുംബാംഗങ്ങൾ തയാറാകേണ്ടിയിരുന്നു. അതുപോലെ വിവിധ ചെലവുകൾക്കുവേണ്ടി പണവും ആവശ്യമായിരുന്നു. തന്മൂലം പ്രാഗിലെ ഓഫീസിന്റെ ചുമതല ട്രെവർ ചാഡ്വിക്ക്, ബിൽബറസേറ്റി എന്നിവരെ ഏൽപിച്ചിട്ട് വിന്റൺ ലണ്ടനിലേക്കു മടങ്ങി.

ലണ്ടനിലെത്തിയ വിന്റൺ തന്റെ മാതാവിന്റെയും മറ്റു ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും സഹായത്തോടെ 900 കുട്ടികളെ സ്വീകരിക്കാനുള്ള കുടുംബാംഗങ്ങളെ കണ്ടെത്തി. അതോടൊപ്പം ചെലവുകൾക്കാവശ്യമായ പണവും സമാഹരിച്ചു. കുട്ടികൾക്കു ബ്രിട്ടനിലേക്കുള്ള വീസ കിട്ടുക അത്ര എളുപ്പമായിരുന്നില്ല. എങ്കിലും വീസ കിട്ടുന്നതിനുള്ള വഴികളും വിന്റൺ കണ്ടെത്തി.

ആദ്യത്തെ ഈ ബാച്ചിനുശേഷം വേറെ ഏഴു ബാച്ചിലായി മറ്റു ധാരാളം കുട്ടികളെയും ഇംഗ്ലണ്ടിൽ എത്തിക്കുന്നതിൽ വിന്റണും ചാഡ്വിക്കും വിജയിച്ചു. അവസാന ബാച്ചിലേക്ക് 250 കുട്ടികൾ ഉണ്ടായിരുന്നു. അവർ യാത്ര തുടങ്ങിയ ദിവസമായ 1939 സെപ്റ്റംബറിനു നാസി ജർമനി പോളണ്ട് കീഴടക്കുകയും അതോടെ ജർമനിയുടെ അതിർത്തികൾ അടയ്ക്കപ്പെടുകയും ചെയ്തു. ഈ കുട്ടികളെ പുറംലോകം പിന്നീട് കണ്ടിട്ടില്ല. അവരെയെല്ലാവരെയും നാസികൾ ഗ്യാസ് ചേംബറിലിട്ടു വധിച്ചുവെന്നു കരുതപ്പെടുന്നു.



ചെക്കോസ്ലോവാക്യയിലെ യഹൂദരായ കുട്ടികളെ നാസി ഭീകരതയിൽനിന്നു രക്ഷപ്പെടുത്തുന്നതിൽ വിന്റൺ വഹിച്ച പങ്കിനെക്കുറിച്ചു ലോകം കേൾക്കുന്നതു 1988ലാണ്. അതിനു വഴിയൊരുക്കിയതാകട്ടെ അദ്ദേഹത്തിന്റെ ഭാര്യ കണ്ടെത്തിയ അദ്ദേഹത്തിന്റെ ഡയറിക്കുറിപ്പുകളും. വിന്റൺ രക്ഷപ്പെടുത്തിയ എല്ലാ കുട്ടികളുടെയും അതുപോലെ അവരുടെ മാതാപിതാക്കളുടെയും പേരുകളും മറ്റു വിവരങ്ങളും ആ ഡയറിക്കുറിപ്പുകളിൽ ഉണ്ടായിരുന്നു.

അതിനുശേഷം നിരവധി ബഹുമതികളും അവാർഡുകളും അദ്ദേഹത്തെ തേടിയെത്തി. അവയിൽ ചെക്ക് റിപ്പബ്ലിക് നൽകിയ ആ രാജ്യത്തിന്റെ പരമോന്നത ബഹുമതിയും ഉൾപ്പെടുന്നു. ബ്രിട്ടീഷ് ഗവൺമെന്റും അദ്ദേഹത്തെ ആദരിച്ചു. ബ്രിട്ടീഷ് ഹീറോ ഓഫ് ദ ഹോളോകോസ്റ്റ് എന്ന ബഹുമതിക്കു പുറമേ സർ സ്ഥാനപ്പേരും അദ്ദേഹത്തിനു ലഭിച്ചു. 2015 ജൂലൈ 1 നു 106-ാം വയസിൽ അന്തരിച്ച അദ്ദേഹം വരുംകാലങ്ങളിലും ഏറെ ആദരിക്കപ്പെടുമെന്നു തീർച്ചയാണ്.

മരണകരമായ സാഹചര്യത്തിൽനിന്ന് അനേകം കുട്ടികളെ തന്റെ സാഹസിക നടപടികളിലൂടെ രക്ഷപ്പെടുത്തിയ ധൈര്യശാലിയാണു വിന്റൺ. എന്നാൽ, തന്റെ നന്മപ്രവൃത്തിയുടെ പേരിൽ മറ്റുള്ളവരുടെ അംഗീകാരവും ആദരവും പിടിച്ചുപറ്റാൻ അദ്ദേഹം ഒരിക്കലും ശ്രമിച്ചില്ല എന്നു മാത്രമല്ല, തന്നെപ്പോലെ യഹൂദരെ രക്ഷപ്പെടുത്തിയ മറ്റു വ്യക്തികൾ ആദരിക്കപ്പെട്ടപ്പോഴും തന്റെ സേവനത്തെക്കുറിച്ചുള്ള അവകാശവാദവുമായി അദ്ദേഹം മുന്നോട്ടുവന്നില്ല. തനിക്കു ചെയ്യാൻ സാധിച്ച നന്മ താൻ ചെയ്തു എന്നതിലപ്പുറം അതെക്കുറിച്ച് അദ്ദേഹം ചിന്തിച്ചതുമില്ല.

എന്നാൽ, അദ്ദേഹം ചെയ്ത നന്മ ദൈവത്തിന്റെ പരിപാലനയിൽ ലോകം അറിയാൻ ഇടയായി. അത് അദ്ദേഹത്തിന്റെ മഹത്വം വർധിപ്പിക്കുകയും ചെയ്തു.

നാമെല്ലാവരും പലപ്പോഴും മറ്റുള്ളവർക്കുവേണ്ടി ഓരോരോ നന്മകൾ ചെയ്യുന്നവരാണ്. എന്നാൽ, നാം ചെയ്യുന്ന നന്മകളെക്കുറിച്ചു കൊട്ടിഘോഷിക്കാത്തവരായി നമ്മുടെയിടയിൽ അധികം പേരുണ്ടാകുമോ? അങ്ങനെ കൊട്ടിഘോഷിക്കുമ്പോൾ എന്തു മാത്രം പൊടിപ്പും തൊങ്ങലുമാണു നാം അവയോടു കൂട്ടിച്ചേർക്കുന്നത് എന്നതും നാം അനുസ്മരിക്കുന്നതു നല്ലതാണ്.

നാം മറ്റുള്ളവർക്കുവേണ്ടി ചെയ്യുന്ന നന്മപ്രവൃത്തികൾ ആത്മാർത്ഥമായി ചെയ്യുന്നതാണെങ്കിൽ നാം കൊട്ടിഘോഷിക്കാതെതന്നെ അവ മറ്റുള്ളവർക്കു പ്രചോദനമായി മാറുമെന്നതിൽ സംശയം വേണ്ട. എന്നു മാത്രമല്ല, നാം പ്രതീക്ഷിക്കുന്നില്ലെങ്കിൽപ്പോലും അവയ്ക്കുള്ള പ്രതിഫലം വിവിധ രീതികളിൽ നമുക്കു ലഭിക്കുകയും ചെയ്യും.

നാം മറ്റുള്ളവരെ സഹായിക്കുമ്പോൾ നമ്മുടെ മുഴുവൻ ശ്രദ്ധയും അവരെ സഹായിക്കുന്നതിലും അവരുടെ നന്മയിലും മാത്രമായിരിക്കട്ടെ.



# ബാലവേദി

## ജോലിയും ജീവിതവും പിന്നെ ടെൻഷനും

ഒരിക്കൽ തങ്ങളുടെ പഴയ അധ്യാപകനെ കാണാൻ ഒരുകൂട്ടം പൂർവവിദ്യാർഥികൾ എത്തി. പഠിക്കുന്ന കാലത്ത് മിടുക്കരായിരുന്ന അവർ എല്ലാവരും നല്ല നിലകളിൽതന്നെ ജോലി ചെയ്യുന്നു.



പഴയ ശിഷ്യരെ കണ്ടപ്പോൾ അധ്യാപകൻ അവരെ സ്വീകരിച്ചിരുത്തി. ഓരോരുത്തരും അവരവരുടെ വിശേഷങ്ങൾ പറഞ്ഞു. സംസാരത്തിനിടെ പലരും പറഞ്ഞ കാര്യം അധ്യാപകൻ ശ്രദ്ധിച്ചു. ജോലിയിലും ജീവിതത്തിലും അനുഭവിക്കുന്ന ടെൻഷനെപ്പറ്റിയാണ് പലർക്കും പറയാനുണ്ടായിരുന്നത്.

ഇടയ്ക്ക് അധ്യാപകൻ എഴുന്നേറ്റു: "നിങ്ങളിവിടിരിക്കൂ. ഞാൻ പോയി കാപ്പി എടുത്തുകൊണ്ടു വരാം!"

അല്പം കഴിഞ്ഞപ്പോൾ അധ്യാപകൻ കൈയിൽ വലിയൊരു ട്രേയുമായി വന്നു. അതിൽ ഒരു ഫ്ളാസ്ക് നിറയെ കാപ്പിയുണ്ട്. പിന്നെ ട്രേയിൽ പലതരം ഗ്ലാസ്സുകളും. വില കൂടിയ കപ്പുകളും ഇടത്തരം സ്ഫടിക കപ്പുകളും വിലകുറഞ്ഞ പ്ലാസ്റ്റിക്, കടലാസ് കപ്പുകളുമൊക്കെയുണ്ട്.

ട്രേ മേശപ്പുറത്തുവച്ചിട്ട് അധ്യാപകൻ പറഞ്ഞു: "ഇനി കാപ്പി കുടിച്ചിട്ടാവാം. നിങ്ങൾതന്നെ ആവശ്യത്തിന് കാപ്പി പകർന്ന് എടുത്തോളൂ!"

അവർ കാപ്പി സ്വയം കപ്പുകളിൽ ഒഴിച്ച് കൈയിലെടുത്തു. ഇതെല്ലാം കണ്ടുകൊണ്ടിരുന്ന അധ്യാപകൻ എല്ലാവരെയും നോക്കി ഒന്ന് പുഞ്ചിരിച്ചു: "ഞാൻ ശ്രദ്ധിക്കുകയായിരുന്നു, നിങ്ങൾ ഓരോരുത്തരും എടുത്ത കപ്പുകൾ. എല്ലാവരും വിലകൂടിയ കപ്പുകളാണല്ലോ എടുത്തത്. വില കുറഞ്ഞതും കാണാൻ ഭംഗിയില്ലാത്തതും ആരും എടുത്തില്ല. ഇതുതന്നെയാണ് നിങ്ങളുടെ ജീവിതത്തിലെ ടെൻഷന് കാരണവും. ഇവിടെ നമ്മുടെ ആവശ്യം കാപ്പികുടിക്കുക എന്നതാണ്. പക്ഷേ, അതിന് വില കൂടിയ കപ്പുതന്നെ വേണമെന്നില്ല. വില കുറഞ്ഞ കപ്പിൽ കാപ്പി ഒഴിച്ചു കുടിച്ചാലും അതിന്റെ ഗുണത്തിന് മാറ്റമൊന്നും ഉണ്ടാവില്ല!", അധ്യാപകൻ ഒന്നു നിർത്തിയിട്ട് തുടർന്നു:

"ഇവിടെ കാപ്പിയാണ് നമ്മുടെ ജീവിതം. ജോലിയും പണവും സമൂഹത്തിലെ സ്ഥാനവുമെല്ലാം കപ്പും. മധുരമുള്ള ജീവിതം നിറയ്ക്കാനുള്ള വെറും ഉപകരണം മാത്രമാണിവയെല്ലാം. പക്ഷേ, അതിനുവേണ്ടിയാണ് നമ്മൾ ടെൻഷനടിക്കുന്നതും സമയം കളയുന്നതും.

ജീവിതമാകുന്ന കാപ്പി ആസ്വദിച്ചു കുടിക്കുകയാണ് വേണ്ടത്. അല്ലാതെ അത് ഒഴിക്കാനുള്ള കപ്പിനുവേണ്ടി ജീവിതം നശിപ്പിക്കുകയല്ല!"

തങ്ങളുടെ പ്രിയപ്പെട്ട അധ്യാപകന്റെ വാക്കുകൾ അവരുടെ മനസ്സ് തുറപ്പിച്ചു.

---



## വികാര നാഡികൾ

ശരീരത്തിലെ മിക്ക വാറും പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത് തലച്ചോറാണ് എന്ന് അറിയാമല്ലോ. പക്ഷേ, ദേഷ്യം, പേടി, സങ്കടം, നാണം, വാത്സല്യം, ദയ തുടങ്ങി നമ്മുടെ മാനസിക വികാരങ്ങളെ നിയന്ത്രിക്കുന്നത് ഒരുകൂട്ടം നാഡികളാണ്. സിംപതെറ്റിക് നാഡികൾ എന്നാണ് ഇവയുടെ പേര്.

നമുക്ക് നാണം, ദേഷ്യം, സങ്കടം തുടങ്ങിയവ വന്നാൽ ഈ നാഡികൾ പ്രവർത്തിച്ച് ശരീരത്തിൽ അഡ്രിനാലിൻ എന്ന ഹോർമോൺ നിർമ്മിക്കും. ഈ അഡ്രിനാലിൻ ചില്ലറക്കാരനല്ല. ഹൃദയമിടിപ്പ് കൂട്ടുക, ശ്വാസഗതി വർധിപ്പിക്കുക, കൃഷ്ണമണിയുടെ വലിപ്പം കൂട്ടുക തുടങ്ങി പല പണികളും അഡ്രിനാലിൻ ചെയ്യും. രക്തക്കുഴലുകളുടെ വലിപ്പവും ഇങ്ങനെ കൂടും.

അപ്പോഴോ? രക്തക്കുഴലുകളിലൂടെ രക്തം കൂടുതൽ അളവിൽ ഇരച്ചുപായാൻ തുടങ്ങും. രക്തയോട്ടം കൂടുമ്പോൾ നേരിയ തൊലിയുള്ള കവിളുകളിലും കഴുത്തിലുമൊക്കെ അത് കൂടുതൽ പ്രകടമാവുമല്ലോ. അപ്പോഴാണ് മുഖം ചുവക്കുന്നത്.



## യങ് സയന്റിസ്റ്റ്

ഫ്ളോറിഡയിലെ പിറ്റൺ റോബർട്സൺ എന്ന 11 വയസ്സുകാരന് അമേരിക്കയിലെ യങ് സയന്റിസ്റ്റ് ബഹുമതി ലഭിച്ചു. തന്റെ രാജ്യത്തെ ജനങ്ങളുടെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നിന് പരിഹാരം കണ്ടെത്തിയാണ് റോബർട്സൺ താരമായിരിക്കുന്നത്.

ശക്തമായ ചുഴലിക്കാറ്റ് കാരണം കടൽ കരയിലേക്ക് കയറി റോബർട്സണിന്റെ നാടായ ഫോർട്ട് ലോഡർഡലേ എന്നും ദുരിതത്തിലായിരുന്നു. ഇത് തടയാൻ റോബർട്സൺ ഒരുഗ്രൻ വിദ്യ കണ്ടുപിടിച്ചു. ഉപ്പുവെള്ളം നനഞ്ഞാൽ തനിയെ വീർത്ത് വലുതാകുന്ന ഒരുഗ്രൻ ചാക്ക്. പരീക്ഷണത്തിലൂടെ റോബർട്സൺ വികസിപ്പിച്ചെടുത്ത പ്രത്യേകതരം പോളിമറാണ് ചാക്ക് വീർത്ത് വരാൻ കാരണം. കടൽത്തീരത്തിടുന്ന ഈ ചാക്കുകൾ പരസ്പരം ചേർത്തു നിർത്താൻ ഇന്റർലോക്കിങ് സംവിധാനവും റോബർട്സൺ ഉണ്ടാക്കിയെടുത്തു.



കടലിലെ വെള്ളം തീരത്തേക്ക് കയറാതെ ചാക്കുകൾ വീർത്ത് ഒരു മതിലുപോലെ നിൽക്കുമെന്ന് ചുരുക്കം. നാടിനെ ബാധിക്കുന്ന വലിയ പ്രശ്നത്തിന് തന്റെ ബുദ്ധി ഉപയോഗിച്ച് പരിഹാരം കണ്ടെത്തിയ ഈ കുട്ടിശാസ്ത്രജ്ഞനെ നമുക്കു മാതൃകയാക്കാം.





# ഈസബേൽ എന്ന സ്ത്രീയും ഏലിയാവ് എന്ന പുരുഷനും



ഈസേബെൽ എന്ന പേർ കേൾക്കുമ്പോൾ നാം എന്താണ് വിചാരിക്കുന്നത്? അവൾ സുന്ദരിയും മോഹിപ്പിക്കുന്നവളുമായിരിക്കും എന്നാകാം – പക്ഷെ അവൾ സൂത്രശാലിയും, ധാർമ്മികതയില്ലാതെ എന്തും ചെയ്യാൻ മടിയില്ലാത്തവളുമായിരുന്നു. ബൈബിളിലെ സ്ത്രീകളിൽവച്ച് ഏറ്റവും നിന്ദ്യയായ സ്ത്രീയായിരുന്നു ഈസേബെൽ; അവളുടെ പേർ ദുഷ്ടതയുടെ പര്യായമായിരുന്നു. വെളിപ്പാട് പുസ്തകത്തിൽ, വിട്ടുവീഴ്ച്ച ചെയ്തു ജീവിച്ച തുയത്തൈരയിലെ ഇടവകയെ ഈസേബെൽ അംഗമായ സഭ എന്നാണ് വിളിച്ചത് (2:20). ആരെങ്കിലും തന്റെ മകൾക്ക് ഈസേബെൽ എന്നു പേരിടുമോ എന്ന് എനിക്കറിയില്ല.

നമ്മുടെ വേദഭാഗം പറയുന്നത് "അവൾ സിദോന്യരാജാവായിരുന്ന എത്ത്ബാലിന്റെ മകൾ ആയിരുന്നു" എന്നാണ്. അവൾ അന്യദേവനെ നമസ്ക്കരിച്ചിരുന്നവളായിരുന്നു. അന്യദേവനെ നമസ്ക്കരിക്കുന്നവരെ വിവാഹം കഴിക്കരുത് എന്ന് ദൈവം യിസ്രായേലിനോട് കൽപിച്ചിരുന്നു (ആവ.പു. 7:1–5). എങ്ങനെയായാലും, അവൾ അന്യദേവനെ നമസ്ക്കരിക്കുന്ന ഒരു സാധാരണ സ്ത്രീ ആയിരുന്നില്ല. ഫൊയ്നിക്യയിലെ മുഖ്യദേവനായ ബാലിന്റെ പുരോഹിതനായിരുന്ന ഏത്ത്ബാലിന്റെ മകളായിരുന്ന ഈസേബെൽ എന്നാണ് ചരിത്രം പറയുന്നത്. പ്രത്യേകിച്ച്, ബാലിനെ പ്രദർശിപ്പിച്ചിരുന്ന മെൽക്കാർട്ടിന്റെയും അസ്താർത്തെയുടേയും പുരോഹിതനായിരുന്നു അവൻ. ശക്തിയുടെ ദേവന് സമർപ്പിക്കപ്പെട്ടതുകൊണ്ട്, ഫേലസിനെ കൊന്നുകൊണ്ടാണ് അവൻ സോരിന്റേയും സീദോന്റേയും രാജാവായി തീർന്നത്. രക്തക്കറ പുരണ്ടതായിരുന്നു അവന്റെ രാജകീയ വസ്ത്രം. അപ്പനിൽനിന്ന് ഈസേബെൽ പാഠങ്ങൾ നന്നായി പഠിച്ചിരുന്നു; അവളേക്കാൾ ബലഹീനരായ ആരെയും ദേവന്മാരിലേക്ക് ആകർഷിപ്പിക്കുവാൻ അവൾക്ക് കഴിഞ്ഞിരുന്നു. കരുണയും മനസലിവും അവളിൽ ഉണ്ടായിരുന്നില്ല.

യിസ്രായേൽ സമൂഹത്തിന്, യഹോവയെ ആരാധിക്കുന്ന ദൈവജനത്തിന്, ബാൽ വിഗ്രഹത്തെ ആരാധിക്കുന്നതു പരിചയപ്പെടുത്തിയത് അവളായിരുന്നു.

"ബാൽ" എന്ന വാക്കിന്റെ അക്ഷരികമായ അർത്ഥം "കർത്താവ്" എന്നാണ്. കനാന്യർ അവരുടെ എല്ലാ ദേവന്മാരെയും ചേർത്ത് പൊതുവിൽ വിളിക്കുന്ന വാക്കായിരുന്നു അത്. അവരുടെ ഏറ്റവും ഉയർന്ന പുരുഷദേവനേയും വിളിക്കുവാൻ ആ വാക്ക് ഉപയോഗിച്ചിരുന്നു. സമൃദ്ധിയുടെ ദേവനായിരുന്നു ബാൽ: കനാന്യർക്ക് നല്ല വിളവുണ്ടായാൽ അവർ യഹോവക്ക് നന്ദി പറഞ്ഞിരുന്നില്ല. അവർ ബാലിനോ അല്ലെങ്കിൽ ബാലിന്റെ കീഴ് ദേവന്മാർക്കോ ആയിരുന്നു നന്ദി അർപ്പിച്ചിരുന്നത്.



ബാലിനെ ആരാധിക്കുന്നത് കനാന്യരുടെ വളരെക്കാലമായ ആചാരത്തിന്റെ ഭാഗമായിരുന്നു, എന്നാൽ അത് യിസ്രായേലിൽ ഒരിക്കലും മുഖ്യ കാര്യമായിരുന്നില്ല. യെരോബെയാം കാളക്കുട്ടികളെ ഉണ്ടാക്കി തെറ്റായി ആരാധിക്കുവാൻ പ്രേരിപ്പിച്ചിരുന്നുവെങ്കിലും അത് യഹോവയെന്ന വ്യാജേനയായിരുന്നു. എങ്ങനെയായാലും, ഇപ്പോൾ ഈസേബെൽ വന്നിരിക്കുന്നത് ഒരു തീവ്രവാദ എരിവോടെയാണ്. ശലോമോൻ അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരെ വിവാഹം ചെയ്തപ്പോൾ അവരെ പ്രസാദിപ്പിക്കുവാൻ അന്യദേവന്മാരെ നമസ്ക്കരിക്കുന്നതിനൊപ്പം യഹോവയെ നമസ്ക്കരിക്കുന്നതും നിലനിർത്തി, പക്ഷെ ഈസേബെൽ അതു ചെയ്തില്ല. അവളുടെ ദേവനാണ് സത്യമായ ദേവൻ, അതല്ലാതെ മറ്റൊന്നും പാടില്ല എന്നതായിരുന്നു അവളുടെ നയം; യഹോവയെ ആരാധിക്കുന്നതു ദേശത്തുനിന്നും തുടച്ചുനീക്കണം എന്നാണ് അവൾ വിചാരിച്ചത്.

യഹോവയ്ക്കായി പണിതിരുന്ന യാഗപീഠങ്ങളെയെല്ലാം ഇടിച്ചുകളഞ്ഞു. യഹോവയുടെ പ്രവാചകന്മാരെ വന്യമൃഗങ്ങളെപ്പോലെ വേട്ടയാടി, ഒന്നുകിൽ നിശബ്ദരാക്കുകയോ അല്ലെങ്കിൽ കൊല്ലുകയോ ചെയ്തിരുന്നു. പിന്നെ ഈസേബെൽ 450 ബാൽ പുരോഹിതന്മാരെയും 400 അശേരാ പുരോഹിതന്മാരെയും, ഭൂയിഷ്ഠതയുടെ ദേവതയെയും, ബാലിന്റെ പ്രതിരൂപമായ സ്ത്രീദേവതകളെയും, അഭക്തരായ സന്ദേശവാഹകരെയും കൊണ്ട്, "ബാലിന്റെ സുവിശേഷം" ദേശത്ത് നിറച്ചു. ഈസേബെൽ ക്ഷേത്രങ്ങളും ശ്രീകോവിലുകളും നിർമ്മിച്ച് അവളുടെ ഭൃത്യമാരും അവിശുദ്ധമായ ആചാരങ്ങൾ ശ്രീകോവിലിലുകളിൽ നടത്തിവന്നു.

ആ സ്ത്രീ ചെയ്തതെല്ലാം ഞാൻ വായിച്ചപ്പോൾ, അതേ എരിവു സത്യത്തോട് ഉണ്ടായിരുന്നുവെങ്കിൽ, എന്തു നേട്ടം കൈവരിക്കാമായിരുന്നു എന്നു മാത്രമെ എനിക്ക് ചിന്തിക്കുവാൻ കഴിഞ്ഞുള്ളു. നാം അവൾ സ്വീകരിച്ച രീതികൾ അവലംബിക്കരുത്, എന്നാൽ ദൈവ വഴി മാത്രമാണ് ഏകവഴി എന്നു നാം പൂർണ്ണമായി ഹൃദയത്തിൽ വിശ്വസിച്ച്, ആ നിശ്ചയ ദാർഢ്യത്തിൽ പ്രവർത്തിച്ചാൽ ദൈവത്തിന്റെ വചനം എത്ര ശക്തമായി വ്യാപിക്കും!

എങ്ങനെയായാലും, ഈസേബെലിന്റെ പ്രവർത്തികൾ അവിടെ അവസാനിക്കുന്നില്ല. നാം വേദഭാഗത്തിലേക്ക് മടങ്ങിവന്നാൽ, ഈസേബെലിന് എത്രത്തോളം ആഹാബിനെ സ്വാധീനിക്കുവാൻ കഴിഞ്ഞു എന്നു കാണാം:

താൻ ശമര്യയിൽ പണിത ബാലിന്റെ ക്ഷേത്രത്തിൽ (അവൻ) ബാലിന്നു ഒരു യാഗപീഠം ഉണ്ടാക്കി. ആഹാബ് ഒരു അശേരാ പ്രതിഷ്ഠയും ഉണ്ടാക്കി (1 രാജാ. 16:31–33).

തിരുവെഴുത്തിൽ നാം കാണുന്നത്, ആഹാബ് ബലഹീനനായ സ്ഥാനത്ത് ഈസേബെൽ ശക്തയായിരുന്നു എന്നാണ്. വിവാഹജീവിതത്തിൽ ഭരിക്കുന്നത് അവളായിരുന്നു. തീരുമാനങ്ങൾ എടുത്തിരുന്നത് അവളായിരുന്നു. തുടർന്ന് കാണുവാനിരിക്കുന്ന പോരാട്ടം കാര്യമായി സംഭവിക്കുന്നത് ഏലിയാവും ആഹാബും തമ്മിലായിരുന്നില്ല, മറിച്ച് ഏലിയാവും ഈസേബെലും തമ്മിലായിരുന്നു: ഈസേബെൽ തിന്മയുടെ പ്രതിരൂപമായിരുന്നു, ഏലിയാവ് നന്മയുടെ പ്രതീകവുമായിരുന്നു, അതിനിടയിലായിരുന്നു ആഹാബ്.

ചിലപ്പോൾ ഏലിയാവിനും ഈസേബെലിനും ഇടയിലായിപോയ ആഹാബിനെ കാണുമ്പോൾ ദുഃഖമുണ്ടാകും. അവൻ മറ്റാരെയെങ്കിലും വിവാഹം കഴിച്ചിരുന്നുവെങ്കിൽ എന്നു വിചാരിച്ചുപോകും. "അപ്പൻ എന്റെ സഹോദരനാണ്;" അല്ലെങ്കിൽ "സ്വർഗസ്ഥ പിതാവ് എന്റെ സഹോദരനാണ്" എന്ന് അർത്ഥം വരുന്ന ചുരുക്കപ്പേരാണ് അവന്റേത്. യഹോവയ്ക്ക് ആദരവ് കൊടുക്കുന്ന പേരുകളാണ് അവൻ തന്റെ മക്കൾക്ക് നൽകിയത്: അഹസിയാവ് (യഹോവ പിടിക്കുന്നു), യെഹോരാം (യഹോവ ഉയർന്നവൻ), അഥല്യാവ് (യഹോവ ശക്തൻ).

ആഹാബിന്റെ വിവാഹം നടന്നപ്പോൾ, അത് രാഷ്ട്രീയമായി വലിയ ഒരു നേട്ടമായി കരുതിയിരിക്കാം. കാരണം അന്ന് സോർ മഹത്വത്തിന്റെ ഉന്നതിയിലായിരുന്നു. ധനികമായ ഫൊയ്നിക്യയിലെ ഒരു സുന്ദരിയായ രാജകുമാരിയെ, യിസ്രായേലിന്റെ രാജകുമാരൻ വിവാഹം കഴിക്കുന്നത് തീർച്ചയായും വലിയ സ്ത്രീധനം ലഭിക്കുന്നതായി കണക്കാക്കിയിരുന്നു. എങ്ങനെയായാലും, ആ വിവാഹം ആഹാബിനേയും ഏതാണ്ട് രാഷ്ട്രത്തെ തന്നെയും നശിപ്പിച്ചു.

നാം ആരെ വിവാഹം കഴിക്കുന്നു എന്നതിന് പ്രാധാന്യം കൽപ്പിക്കേണ്ടതുണ്ടോ? ഒരിക്കലും അതിൽ സംശയിക്കേണ്ടതില്ല. നാം ആരെ വിവാഹം കഴിക്കുന്നു എന്നത് മറ്റെല്ലാ തീരുമാനത്തേക്കാളും നമ്മുടെ ജീവിതത്തെ ബാധിക്കുന്നതാണ്.

നാം ഇങ്ങനെ വായിക്കുന്നതിൽ അതിശയിക്കുവാനില്ല; "അങ്ങനെ ആഹാബ് യിസ്രായേലിന്റെ ദൈവമായ യഹോവയെ കോപിപ്പിക്കത്തക്കവണ്ണം തനിക്കു മുമ്പുണ്ടായിരുന്ന എല്ലാ യിസ്രായേൽ രാജാക്കന്മാരേക്കാളും അധികം ദോഷം പ്രവർത്തിച്ചു."

ഹൃദയവേദനയോടും, നെടുവീർപ്പോടുംകൂടെയാണ് ആ വാക്യം അവസാനിപ്പിക്കുന്നത്. ഏകസത്യദൈവത്തിലുള്ള അവരുടെ ചഞ്ചലമായി ജ്വലിച്ചുകൊണ്ടിരുന്ന വിശ്വാസം അണയാറായി.

ബാലിന്റെ മിഷണറിമാരെക്കൊണ്ട് ദേശം നിറഞ്ഞിരുന്നു. യിസ്രായേൽ ജനമോ? അവർ രണ്ട് അഭിപ്രായങ്ങൾക്കിടയിൽ ഞെരുങ്ങിക്കൊണ്ടിരുന്നു. രാഷ്ട്രീയ പ്രായോഗികത ഇങ്ങനെ പറഞ്ഞു, "ബഹളം ഇളക്കി വിടാതിരിക്കുക; ശാന്തമായിരിക്കുന്നതാണ് ബുദ്ധി."

ബാലിന്നു മുട്ടുകുത്തുകയോ, വിഗ്രഹത്തെ നമസ്ക്കരിക്കയോ ചെയ്യാത്ത ഏഴായിരം പേരുണ്ടായിരുന്നു, പക്ഷെ അവരുടെ ശബ്ദം പുറത്തുവന്നില്ല. അപ്പോഴും യഹോവയുടെ നൂറ് പ്രവാചകന്മാരുണ്ടായിരുന്നു, പക്ഷെ അവർ മറഞ്ഞു കിടക്കുന്ന ഗുഹയിൽ ഒളിച്ച്, ഭയന്നുവിറച്ചു കഴിഞ്ഞു.

യഹോവയ്ക്കു വേണ്ടി ആർ നിൽക്കും?

യിസ്രായേലിന്റെ ദൈവപുരുഷൻ എവിടെ?

ആഹാബിനും ഈസേബെലിനും അവരുടെ പുരോഹിത സൈന്യത്തിനും എതിരായി നിൽക്കുവാൻ ആരാണുണ്ടായിരുന്നത്?

ആ ചോദ്യങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ടെന്ന് എനിക്ക് തോന്നുന്നു. നമുക്ക് ചുറ്റും അധാർമ്മികതയും വ്യാജമതങ്ങളുമാണുള്ളത്. ചുറ്റുപാടുകളിൽ നിന്നു വ്യത്യാസം തിരിച്ചറിയാത്തവിധത്തിലാണ് ക്രിസ്തീയ വിഭാഗങ്ങളെല്ലാം കാണപ്പെടുന്നത്. മതപരമായ സാമാന്യത്വം വർദ്ധിച്ചുവരികയാണ്. തിരക്കുപിടിച്ച ജീവിതത്തിൽ നമ്മിൽ പലരും ഫലം പുറപ്പെടുവിക്കാത്തവരായിരിക്കുന്നു.

കർത്താവിനു വേണ്ടി ആർ നിൽക്കും? ആരാണുള്ളത്?

"എന്നാൽ ഗിലെയാദിലെ തിശ്ബ്യയിൽ നിന്നുള്ള തിശ്ബ്യനായ ഏലിയാവ് ആഹാബിനോട് ഞാൻ സേവിച്ചുനിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ, ഞാൻ പറഞ്ഞല്ലാതെ ഈയാണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല എന്നു പറഞ്ഞു."

"എന്നാൽ ഏലിയാവ്... പറഞ്ഞു..." എന്നതാണ് മുഖ്യവാക്കുകൾ.

യിസ്രായേലിൽ ദൈവത്തിനു ഒരു മനുഷ്യനുണ്ടായിരുന്നു, അവന്റെ പേരായിരുന്നു ഏലിയാവ്.

ആരായിരുന്നു ഈ ഏലിയാവ്? ഇതിനുമുൻപ് നാം വായിച്ച ഭാഗത്തൊന്നും അവനെ കുറിച്ചു പറയുന്നില്ല, ഇപ്പോൾ പെട്ടെന്ന് അവൻ രംഗത്ത് എത്തിയിരിക്കുന്നു, അത് രാജാവിനെയും, രാജ്ഞിയേയും, ദേശിയ മതത്തെയും ബാലിന്റെ പ്രവാചകന്മാരെയും ദേശത്തെ തന്നെയും വെല്ലുവിളിച്ചുകൊണ്ടാണ് വന്നിരിക്കുന്നത്!

ഏലിയാവിനെ കുറിച്ച് നമുക്ക് വളരെ കുറച്ചു മാത്രമെ അറിയാവൂ. അവന്റെ കുടുംബത്തെ കുറിച്ചോ, ബാല്യത്തെ കുറിച്ചോ, അവന് എങ്ങനെ ദൈവത്തിന്റെ കൽപനകൾ ലഭിച്ചുവെന്നോ നമുക്ക് ഒന്നും അറിയില്ല. എങ്ങനെയായാലും, നമുക്ക് അറിവുള്ള കുറച്ചു കാര്യങ്ങൾ വളരെ പ്രാധാന്യമുള്ളവയാണ്.

ഏലിയാവ് "ഗിലെയാദിലെ തിശ്ബ്യയിൽനിന്നുള്ള... തിശ്ബ്യനായിരുന്നു" എന്നതു സൂചിപ്പിക്കുന്നത് ഒരു കുഗ്രാമമായ "തിശ്ബ്യയിൽ" നിന്നാണ് ഏലിയാവ് വരുന്നത് എന്നാണ്. യോർദ്ദാൻ നദിയുടെ കിഴക്ക് വനപ്രദേശത്ത് സ്ഥിതി ചെയ്തിരുന്ന സ്ഥലമായിരുന്നു ഗിലെയാദ്.

അത് ഒറ്റപ്പെട്ട നിർജനപ്രദേശമായിരുന്നു. അവിടെ മതിലുകളുള്ള പട്ടണമൊന്നുമില്ലായിരുന്നു; തദ്ദേശവാസികളിലധികവും കൂടാരങ്ങളിലായിരുന്നു താമസിച്ചിരുന്നത്. ആടുമാടുകളെ വളർത്തിയാണ് ജീവിച്ചിരുന്നത്. വലിയ സങ്കീർണ്ണതകളൊന്നുമില്ലാത്തവരായിരുന്നു ആളുകൾ.

ആഹാബിനേയും ഈസബേലിനേയും പ്രീതിപ്പെടുത്തുന്ന വിധത്തിൽ രക്താംബരം പോലെയുള്ള മിന്നുന്ന വസ്ത്രധാരിയെയായിരുന്നില്ല ദൈവം തെരഞ്ഞെടുത്തത്.

മറിച്ച് "അവൻ രോമവസ്ത്രം ധരിച്ചു അരെക്കു തോൽവാറു കെട്ടിയ ആളായിരുന്നു" എന്നാണ് ഏലിയാവിനെ കുറിച്ച് പറഞ്ഞിരിക്കുന്നത്" (2 രാജാ.1:8). രോമം കൊണ്ടുണ്ടാക്കിയ പരുപരുത്ത വസ്ത്രമായിരുന്നു അവൻ ധരിച്ചിരുന്നത് (സെഖര്യാവ് 13:4). ഏലിയാവിന്റെ ആത്മാവിൽ യോഹന്നാൻ സ്നാപകൻ വന്നപ്പോൾ, ഒട്ടകരോമം കൊണ്ടുള്ള ഉടുപ്പും തോൽവാറുമായിരുന്നു ധരിച്ചിരുന്നത്, കാട്ടുതേനും വെട്ടുക്കിളിയുമായിരുന്നു അവന്റെ ആഹാരം (മത്തായി 3:4).

ഏലിയാവിന്–താടിയും, മുടിയും നീട്ടി വളർത്തിയ പരുപരുത്ത വസ്ത്രം ധരിച്ചതും ത്വക്ക് പഴകിയ തോലിന്റെ നിറംപോലെയും ഉള്ള, ഒരു കാട്ടു–ജാതിയുടെ രൂപമായിരിക്കാം; ഒരു കായികാഭ്യാസിയുടെ ശരീരം പോലെ ഉറച്ച ശരീരവും ഗിലെയാദിൽ വളർന്നതിനാൽ, കുതിരയെ പോലെ അതിവേഗത്തിൽ ഓടുവാനും കഴിഞ്ഞിരിക്കാം. ജീവനുള്ള – ദൈവത്തിനുവേണ്ടിയുള്ള എരിവ് അവന്റെ കണ്ണുകളിൽ ജ്വലിക്കുന്നുണ്ടാകാം; അവന്റെ മേലങ്കി അയഞ്ഞു തൂങ്ങിക്കിടന്നിരിക്കാം – പരുപരുത്ത വസ്ത്രം ആവരണമായി അവനിൽ കിടന്നിരിക്കാം – അങ്ങനെയായിരിക്കാം അവൻ തന്റെ ദൗത്യനിർവ്വഹണവും അത്ഭുതങ്ങളും നടത്തിയിരുന്നത്.

നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ. മനുഷ്യൻ കാണുന്നതുപോലെ അല്ല ദൈവം കാണുന്നത്. പലപ്പോഴും നാം പറയും, "എനിക്ക് അതിനുള്ള യോഗ്യതയില്ല. അതു ചെയ്യുവാൻ ഞാൻ ഒരുങ്ങിയിട്ടില്ല. എനിക്ക് അതിനുള്ള കഴിവില്ല. എനിക്ക് അതിനുള്ള വിദ്യാഭ്യാസം ഇല്ല." എങ്ങനെയായാലും, ദൈവം നോക്കുന്നത്, തന്നിൽ നിലനിൽക്കുന്ന – ഏലിയാവിന്റേതുപോലെയുള്ള എരിവുള്ള ഹൃദയമാണ്.

ഇപ്പോൾ, ആ വന്യജന്തുവിനെ പോലെ തോന്നിക്കുന്ന ആൾ രാജാവിന്റെ മുൻപിൽ നിന്നു വെല്ലുവിളിക്കുന്നു: "ഞാൻ സേവിച്ചുനിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ, ഞാൻ പറഞ്ഞിട്ടല്ലാതെ ഈ ആണ്ടുകളിൽ മഞ്ഞും മഴയും ഉണ്ടാകയില്ല" (1 രാജാ. 17:1).

ഏലിയാവ് ഉയർത്തിയ വെല്ലുവിളി ശ്രദ്ധിക്കുക: ദൈവമില്ലാത്ത മതത്തെ നീക്കം ചെയ്യുവാനായി ഏലിയാവ് ആദ്യം പോകുന്നത് ഏറ്റവും മുകളിലാണ്.

➲ പേജ് 5

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# നിങ്ങൾ പറഞ്ഞതും ഞങ്ങൾക്ക് പറയാനുള്ളതും



**ലൂക്കോസ് 16:1 – 13 വരെയുള്ള വാക്യങ്ങളെ അടിസ്ഥാനമാക്കി അല്പമൊക്കെ കൗശലക്കാരായിരിക്കുന്നതിൽ തെറ്റില്ലെന്നും; ഏതു മാർഗ്ഗത്തിലൂടെയും പണം സമ്പാദിക്കുന്നതിൽ ദൈവത്തിന് വിരോധമൊന്നുമില്ലെന്നും, വിവേകത്തോടെ ദൈവത്തോട് ചേർന്നുനിന്ന് ദൈവത്തിന്റെ പ്രശംസ പിടിച്ചുപറ്റിയാൽ മതിയെന്നുമുള്ള ന്യൂജനറേഷൻ ദുരുപദേശത്തിന് ഒതുക്കത്തിൽ ഒരു മറുപടി പറയുവാനാണ് ഈ ലക്കത്തിൽ ഞാൻ ശ്രമിക്കുന്നത്.**

വിശുദ്ധ ലൂക്കോസ് മാത്രം എഴുതിയ അവിശ്വസ്തനായ കാര്യസ്ഥന്റെ ഉപമയെപ്പോലെ സങ്കീർണ്ണവും, ആശയക്കുഴപ്പവും, തെറ്റിദ്ധാരണകളും ജനിപ്പിക്കുന്ന മറ്റൊരു ഉപമ സുവിശേഷത്തിലില്ല. ഈ ഉപമയിലെ യജമാനൻ ആരാണ്? കൗശലക്കാരനായ കാര്യസ്ഥന്റെ തെറ്റിനെ തെറ്റാണെന്ന് പറയാതെ യജമാനൻ അവനെ പ്രശംസിക്കുന്നതിന്റെ അർത്ഥമെന്താണ്? ലൗകിക സമ്പത്തുകൊണ്ട് സ്നേഹിതരെ നേടുക എന്നു പറയുന്നതിലെ യുക്തിയെന്ത്? സ്വാർത്ഥ താല്പര്യത്തിനുവേണ്ടി കാര്യസ്ഥൻ കൈക്കൊള്ളുന്ന തെറ്റായ മാർഗ്ഗങ്ങൾ ശരിയാണെന്ന് വരുത്തി തീർക്കുന്ന ഈ ഉപമ ക്രിസ്തീയ ധാർമ്മികതയ്ക്ക് നിരക്കാത്തതാണല്ലോ. എന്നിട്ടും കാര്യസ്ഥന് പ്രശംസ നേടിക്കൊടുക്കുന്ന ഈ ഉപമ വായനക്കാരിൽ ജനിപ്പിക്കുന്ന സംശയം വലുതാണ്.



ഈ ഉപമ നന്നായി മനസ്സിലാക്കണമെങ്കിൽ ഉപമയുടെ ധർമ്മവും രൂപകത്തിന്റെ ധർമ്മവും മനസ്സിലാക്കണം. ഉപമയിൽ താരതമ്യത്തിനാണ് പ്രാധാന്യം. എന്നാൽ രൂപകത്തിൽ കഥാപാത്രങ്ങളുടെ അനുകരണത്തിനാണ് പ്രാധാന്യം. ഈ ഉപമയെ രൂപകകഥയായി വിചാരിച്ച് ഇതിലെ കഥാപാത്രങ്ങളെ അനുകരിക്കുന്നത് വലിയ ആപത്തിൽ കൊണ്ടെത്തിക്കും. അതുകൊണ്ട് ഈ ഉപമയുടെ പ്രധാന ലക്ഷ്യം കാര്യസ്ഥൻ നല്ലവനെന്നോ അധാർമ്മികനെന്നോ വരച്ചുകാട്ടുകയല്ല. മറിച്ച് കാര്യസ്ഥൻ തന്റെ നില ഭദ്രമാക്കാൻ ഉപയോഗിച്ച വിവേകം ദൈവരാജ്യത്തിൽ തങ്ങളുടെ നില ഭദ്രമാക്കാൻ ദൈവജനങ്ങൾ ഉപയോഗിക്കണമെന്ന താരതമ്യ പഠനമാണ് ഈ ഉപമ മുന്നോട്ട് വയ്ക്കുന്നത്. ഭൗമികമായ കഥയിലൂടെ സ്വർഗ്ഗീയമായൊരു സന്ദേശമാണ് യേശു നല്കുന്നത്. മറ്റു വാക്കുകളിൽ സ്വർഗ്ഗത്തിൽ സമ്പത്തുണ്ടാക്കാൻ വേണ്ടി ആദ്ധ്യാത്മിക വിവേകത്തിന്റെ പാഠം ലൗകിക വിവേകത്തിന്റെ കഥയിലൂടെ യേശു വിവരിക്കുന്നു. നമുക്ക് അനുകരണീയമായ ഒരു മാതൃക അവതരിപ്പിക്കുക എന്നതിനെക്കാൾ മനുഷ്യൻ എപ്രകാരം പ്രവർത്തിക്കുന്നു (സ്വർഗ്ഗീയ സമ്പത്തിലൂടെ സ്വർഗ്ഗത്തിലെ നില ഉറപ്പിക്കുന്ന വിശുദ്ധരും, ഭൗമിക സമ്പത്തിലൂടെ ഭൂമിയിലെ നില ഉറപ്പിക്കുന്ന ഭൗമികരും തമ്മിലുള്ള താരതമ്യം) എന്നു കാട്ടുന്ന ഭാവനാത്മകമായ ഒരു ഉപമയാണിത്.

യഹൂദ പശ്ചാത്തലത്തിൽ കാര്യസ്ഥൻ പൂർണമായി അവന്റെ യജമാനനെ പ്രതിനിധാനം ചെയ്യുന്നു. സ്വത്തുക്കളുടെ കൈകാര്യം അയാളുടെ പരിപൂർണ സ്വാതന്ത്ര്യത്തിനും ഉത്തരവാദിത്വത്തിനും വിട്ടുകൊടുത്തിരിക്കുന്നു. ആ സ്വാതന്ത്ര്യമുപയോഗിച്ച് വഞ്ചന കാട്ടിയാൽ അയാളെ പിരിച്ചുവിടുകയേ നിവർത്തിയുള്ളൂ. പിരിച്ചുവിടുന്നതിനുമുമ്പ് അവൻ യജമാനന്റെ വസ്തുവകകളെക്കുറിച്ചുള്ള കണക്ക് ബോധിപ്പിക്കണം. അതിന് ഏതാനും ദിവസത്തെ സാവകാശം അനുവദിച്ചു നല്കുന്നു. അതുവരെ അവൻ യജമാനന്റെ നിയമാനുസൃതമുള്ള പ്രതിനിധി തന്നെ. കണക്കുകൾ സൂക്ഷിക്കുന്നത് കാര്യസ്ഥനാകയാൽ അവനത് തിരുത്താൻ കഴിയും. കടപ്പത്രത്തിൽ കടം എത്രയെന്ന് കടക്കാരായ കർഷകർ തന്നെയാണ് എഴുതേണ്ടത്. അതിനാലാണ് അവരുടെ സ്വന്തം കൈപ്പടയിൽത്തന്നെ പ്രമാണം തിരുത്തിക്കുന്നത്. തന്റെ ഇരുളടഞ്ഞ വരുംകാല അരക്ഷിതാവസ്ഥയെ സുരക്ഷിതമാക്കാൻ കാര്യസ്ഥൻ കാണിച്ച ബുദ്ധിയേയും വിവേകത്തേയും യജമാനൻ പ്രശംസിക്കുന്നു. യജമാനന്റെ മുതൽ അപഹരിച്ച പെരുംകള്ളനും അവിശ്വസ്തനുമാണ് കാര്യസ്ഥൻ. എന്നാൽ ഈ അഭിനന്ദനത്തിനു കാരണം അയാളുടെ കാപട്യം, വഞ്ചന, സത്യമില്ലായ്മ എന്നിവയല്ല; മറിച്ച് അസന്നിഗ്ദ്ധാവസ്ഥയിൽ തന്റെ ഭാവി നന്നാക്കുവാൻ വേണ്ടി കാര്യസ്ഥൻ കാണിച്ച ലൗകിക വിവേകം, വിദൂര വീക്ഷണം എന്നിവയാണ്. ഈ ഉപയെ ഏറെ വിവാദമാക്കിത്തീർക്കുന്നത് ഈ പ്രശംസയാണ്. നീതിരഹിതനായ കാര്യസ്ഥനെ 'അവൻ' പ്രശംസിച്ചു എന്നാണ് മൂലരൂപത്തിൽ കാണുന്നത്. ഈ അവൻ യേശുവാണെന്ന ധാരണയിൽ. യേശുവാണ് കാര്യസ്ഥനെ പ്രശംസിച്ചതെന്നു പറയാറുണ്ട്. എന്നാൽ, പ്രശംസിക്കുന്നത് ഉപയിലെതന്നെ കഥാപാത്രമായ യജമാനനാണ് യേശുവല്ല. യജമാനന്റെ അഭിനന്ദനം കാര്യസ്ഥന്റെ മുൻപ്രവൃത്തികളെ പ്രതിയല്ല. ഒടുവിൽ ചെയ്ത പ്രവൃത്തിയുടെ വിവേകത്തെയാണു പ്രകീർത്തിച്ചത്. അല്ലാതെ അവന്റെ നടപടി ധാർമ്മികമോ അധാർമ്മികമോയെന്ന് യജമാനൻ തീർപ്പുകല്പിക്കുന്നില്ല.

ഈ യുഗത്തിന്റെ മക്കൾ ജഡികമനുഷ്യരാണ്. ഭാവി ഭാസുരമാക്കാൻ അവർ കാട്ടുന്ന തീക്ഷ്ണതയും ഉത്സാഹവും വെളിച്ചത്തിന്റെ മക്കൾക്ക് അവരുടെ ഭാവി സ്വർഗ്ഗരാജ്യത്തിൽ ഭാസുരമാക്കാൻ ഉത്തേജനവും മാതൃകയുമാകണം. അനുകരിക്കപ്പെടേണ്ടത് അവരുടെ തീക്ഷണത മാത്രം. സ്വഭാവമല്ല. ആബട്ട് പാസോ അലക്സാണ്ട്രിയയിൽ വച്ച് ഒരു നടിയെക്കണ്ട് കരഞ്ഞു. കാരണമന്വേഷിച്ചവരോട് സന്യാസി പറഞ്ഞു "രണ്ടു കാര്യങ്ങൾ എന്നെ അസ്വസ്ഥനാക്കി. 1) ഇവളുടെ നാശം. 2) വഴി പിഴച്ച ആണുങ്ങളെ പ്രീതിപ്പെടുത്താൻ ഇവൾ കാണിക്കുന്ന താല്പര്യം പോലും കർത്താവിനെ പ്രീതിപ്പെടുത്തുന്നതിൽ എനിക്കില്ലല്ലോ എന്ന ദുഃഖം." ആ നടി നശ്വരമായ സമ്പത്തിനും സുഖത്തിനും വേണ്ടി എത്രമാത്രം ആണുങ്ങളെ പ്രീതിപ്പെടുത്തിയോ അതിനേക്കാളേറെ ദൈവത്തെ പ്രീതിപ്പെടുത്തണമെന്നുള്ള വിവേകം നാം അവളിൽനിന്ന് പഠിക്കേണ്ടിയിരിക്കുന്നു.

സാമ്രാജ്യത്വ വൈരത്തിന്റെ പേരിൽ ലോകത്തെ മുച്ചൂടും നശിപ്പിക്കാൻ ഇറങ്ങിതിരിച്ച ബിൻലാദന്റെ ചോരത്തിളപ്പും, അധികാരം ഉറപ്പിക്കാൻ അഴിമതിവീരരായ രാഷ്ട്രീയപ്രമത്തന്മാർ കാണിക്കുന്ന കുശാഗ്രതയും ഒരു ഭക്തന്റെ നിർവൃതിയോടെ ബാറിന്റെ മുമ്പിൽ ക്യൂ നില്ക്കുന്ന മദ്യപാനിയുടെ ത്വരയും ആസക്തിയുമെല്ലാം ദൈവരാജ്യത്തിന്റെ കാര്യത്തിൽ കാട്ടിയിരുന്നുവെങ്കിൽ എത്രയോ നന്നായിരുന്നു. അത് മാനവരാശിയെ പ്രകാശഗോപുരമാക്കുമായിരുന്നു.

"ഹാ! സുഖങ്ങൾ വെറും ജാലം,
ആരറിവു നിയതിതൻ
ത്രാസു പൊങ്ങുന്നതും താനേ
താണുപോവതും" – കുമാരനാശാന്റെ ഈ വരികൾ ലോകസുഖങ്ങളുടെ നൈമിഷികതയെ പ്രകടമാക്കുന്നു. ഒരു ലോകമനുഷ്യന് ഇത് ബോധ്യപെട്ടിട്ടും ദൈവമക്കളെന്നവകാശപ്പെടുന്നവർക്ക് ഈ സത്യം വെളിപ്പെടാത്തത് കഷ്ടം തന്നെ. ശാശ്വതമല്ലാത്ത ലോക സമ്പത്തിനെ ഉത്കൃഷ്ടമെന്നോതുന്ന ആധുനികതയുടെ വ്യാജസത്യത്തെ തിരുത്തിക്കുറിക്കുവാൻ നമ്മുടെ വിവേകം നമ്മെ നയിക്കട്ടെ. ○



## ഈസബേൽ എന്ന സ്ത്രീയും ഏലിയാവ് എന്ന പുരുഷനും



അത് ബാലിനെതിരായ വെല്ലുവിളിയായിരുന്നു. ബാൽ അവരുടെ പ്രകൃതിദേവനായിരുന്നു. മഞ്ഞും മഴയും നിയന്ത്രിച്ചിരുന്നത് ബാൽ ആയിരുന്നു എന്നാണ് അവർ വിശ്വസിച്ചിരുന്നത്. ഫലത്തിൽ ഏലിയാവ് പറഞ്ഞു, "ദൈവത്തോട് അപേക്ഷിച്ചാലാണ് മഴ പെയ്യുന്നത്, അവൻ ആയിരിക്കട്ടെ ദൈവം!"

ഒരാൾ തനിച്ച് നടത്തിയ വെല്ലുവിളിയായിരുന്നു അത്. അവന്റെ ജീവിതത്തെ കുറിച്ചുള്ള നമ്മുടെ പഠനത്തിൽ അവൻ പലപ്പോഴും ഏകനായിരിക്കുന്നതു കാണാം – സ്നേഹിതന്മാരോ, കൂട്ടുകാരോ ഇല്ലാതെ, അല്ലെങ്കിൽ സഹപ്രവർത്തകരോ, പിന്താങ്ങി ശക്തി നൽകുന്നവരോ അവനോടൊപ്പം ഇല്ലായിരുന്നു – ധാർമ്മികമായ അപകടത്തെ അവൻ നേരിടുന്നത് ഒറ്റയ്ക്കായിരുന്നു. പ്രവർത്തനമണ്ഡലങ്ങളിൽ, അയൽക്കാർക്കിടയിൽ, ഒരുപക്ഷെ സഭയിൽ പോലും നാം ഒറ്റയ്ക്ക് നിൽക്കേണ്ടതായി വന്നേക്കാം. അതു വിഷമമുള്ള കാര്യമാണ് അല്ലേ?

അത്തരം പ്രതികൂല സാഹചര്യത്തിനെതിരായി നിൽക്കുവാൻ ഏലിയാവിനെ പ്രാപ്തനാക്കിയതെന്താണ്? അവൻ ഏകനായിരുന്നില്ല എന്നതാണ് ഉത്തരം. നമ്മുടെ വേദഭാഗം പറയുന്നു, "എന്നാൽ ഏലിയാവ്... ആഹാബിനോട് പറഞ്ഞു... 'ഞാൻ സേവിച്ചു നിൽക്കുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ,' " ഏലിയാവിന്ന് ആത്മവിശ്വാസമായിരുന്നില്ല ഉണ്ടായിരുന്നത്, മറിച്ച്, യഹോവ വിശ്വാസമായിരുന്നു. അവൻ ഏലിയാവിലായിരുന്നില്ല ആശ്രയിച്ചത്, പിന്നെയോ പ്രപഞ്ചത്തിന്റെ നാഥനായ സൃഷ്ടികർത്താവിലായിരുന്നു.

ആ മനുഷ്യനെ കുറിച്ച് വളരെ കുറച്ചു മാത്രമെ നമുക്ക് അറിയാവു എന്ന് ഞാൻ മുൻപ് പറഞ്ഞു, എന്നാൽ ഒരു കാര്യം നമുക്ക് അനുമാനിക്കാം: അവന് യഹോവയെ സ്നേഹിച്ച അമ്മയപ്പന്മാരുണ്ടായിരുന്നു. ഞാൻ എന്തുകൊണ്ടാണ് അങ്ങനെ പറഞ്ഞത്? കാരണം അവർ അവനു നൽകിയ പേർ. "ഏലിയാവ്" എന്നത് ഒരു സംയുക്തവാക്കാണ്. "ഏൽ" എന്ന എബ്രായ വാക്ക് "ദൈവം" എന്നതിനുപയോഗിക്കുന്ന "ജാഹ്" (അല്ലെങ്കിൽ "യാഹ്") എന്നത് "യഹോവ" എന്നതിന്റെ ചുരുക്കപ്പേരാണ്. എബ്രായ ഭാഷയിൽ "ഐ" എന്നത് "എന്റെ" അല്ലെങ്കിൽ "എനിക്ക്" എന്നു സൂചിപ്പിക്കുന്നതാണ്. അവന്റെ പേർ അക്ഷരികമായി "എന്റെ ദൈവം യഹോവ ആകുന്നു" എന്നാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, "എന്റെ ദൈവം ബാൽ അല്ല, ആഹാബ് അല്ല, യഹോവയാണ്."

യഹോവയിലുള്ള ആശ്രയമാണ് അവന്റെ പേർ സൂചിപ്പിക്കുന്നത്. ഈ അവസരത്തിൽ അവൻ പറഞ്ഞ പ്രസ്താവന അവന് യഹോവയിലുള്ള വിശ്വാസം എടുത്തു കാണിക്കുന്നതായിരുന്നു: "ഞാൻ സേവിച്ചുവരുന്ന യിസ്രായേലിന്റെ ദൈവമായ യഹോവയാണ" എന്ന വാക്കുകൾക്ക് ആഴമേറിയ അർത്ഥമുണ്ടായിരുന്നു.

"യഹോവ ജീവിച്ചിരിക്കുന്നുണ്ട്, എന്നാൽ നിങ്ങളുടെ അന്യദേവന്മാരാണ് ഒന്നുമല്ലാതെ നിർജീവമായിരിക്കുന്നത്." എന്നാണ് ഏലിയാവ് പറഞ്ഞത്.

"ഞാൻ നിൽക്കുന്നത് ജീവനുള്ള ദൈവത്തിന്റെ മുൻപിലാണ്. ഞാൻ നിന്റെ സന്നിധിയിലാണെങ്കിലും, ആഹാബേ, ഞാൻ ദൈവത്തിനുവേണ്ടിയാണ് നിന്റെ മുൻപിൽ നിൽക്കുന്നത്, അവന്റെ സാന്നിധ്യം എനിക്കറിയാം."

"ഞാൻ ദൈവത്തെ ഭയപ്പെടും, നിന്നെ ഭയപ്പെടുകയില്ല" എന്നാണ് ഏലിയാവ് പറഞ്ഞത്.

ഉവ്വ്, ദൈവത്തിന്, യിസ്രായേലിൽ അവന്റെ ഒരു പുരുഷൻ ഉണ്ടായിരുന്നു.

ഇന്നും തനിക്കുവേണ്ടി നിൽക്കുവാൻ കെൽപുള്ളവരെ ദൈവം നോക്കിക്കൊണ്ടിരിക്കുകയാണ്. യുവാക്കൾ, പ്രായമായവർ, മദ്ധ്യവയസ്ക്കർ: നിങ്ങളെ ദൈവം പ്രത്യേക ജനമാക്കുവാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ സമർപ്പിക്കപ്പെട്ടാൽ കൈവരിക്കാവുന്ന നേട്ടങ്ങളെയാണ് ഏലിയാവിന്റെ ജീവിതം വ്യക്തമാക്കുന്നത്.

സാഹസം എന്തായാലും, എല്ലായ്പ്പോഴും അവന്റെ ഇഷ്ടം ചെയ്യുവാൻ തയ്യാറായി മറ്റൊന്നും നോക്കാതെ, പൂർണ്ണമായി ദൈവത്തിൽ സമർപ്പിക്കുന്നവരെ മാത്രമാണ് ദൈവത്തിന് ഉപയോഗിക്കുവാൻ കഴിയുക എന്നും ഏലിയാവിന്റെ ജീവിതം തെളിയിക്കുന്നു. അത്തരത്തിലുള്ള ഒരാൾ ആകുവാൻ നിങ്ങൾ തയ്യാറാണോ? ○

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# വ്യസനപുത്രന്മാർ

ടി.എം.വർഗ്ഗീസ് ഓതറ

## കഴിഞ്ഞലക്കം തുടർച്ച 3

### ദൈവമക്കൾ വ്യസന പുത്രീ പുത്രന്മാർ

**ക**ർത്താവായ യേശു ക്രൂശിൽ മരിക്കുവാൻ പോകുന്ന വിവരം തന്റെ ശിഷ്യന്മാരോടു ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുവെങ്കിലും അവർ അതു ഗ്രഹിച്ചില്ല. ക്രൂശീകരണത്തിന്റെ ഏതാനും ചില ദിവസത്തിനു മുൻപ് യേശു ശിഷ്യന്മാരോടു പറഞ്ഞത്: കുറഞ്ഞൊന്നു കഴിഞ്ഞിട്ട് നിങ്ങൾ എന്നെ കാണുകയില്ല, പിന്നെയും കുറഞ്ഞൊന്നു കഴിഞ്ഞിട്ട് നിങ്ങൾ എന്നെ കാണും... നിങ്ങൾ കരഞ്ഞു വിലപിക്കും. ലോകമോ സന്തോഷിക്കും, നിങ്ങൾ ദുഃഖിക്കും, എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായിത്തീരും എന്നു പറഞ്ഞപ്പോൾ അവർ അതു ഗ്രഹിക്കാത്തതിനാൽ യേശു ആ കാര്യം വിശദീകരിച്ചു പറഞ്ഞത്: സ്ത്രീ പ്രസവിക്കുമ്പോൾ തന്റെ നാഴിക വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ട്. കുഞ്ഞിനെ പ്രസവിച്ചശേഷമോ... അവൾ തന്റെ കഷ്ടം പിന്നെ ഓർക്കുന്നില്ല എന്നു പറഞ്ഞു (യോഹ.16:16-21).



കർത്താവായ യേശു കാൽവറിക്രൂശിൽ അതിവേദന സഹിച്ചുകൊണ്ട് തന്റെ ജീവനെ ഏല്പിച്ചു തന്നതിന്റെ പിന്നിലുള്ള രഹസ്യത്തെപ്പറ്റി എല്ലാവർക്കും വേണ്ടത്ര അറിവില്ല. യേശു എന്തെങ്കിലും കുറ്റം ചെയ്തിട്ടല്ല ക്രൂശു മരണത്തിന് ഏല്പിക്കപ്പെട്ടത്, പിന്നെയോ ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരം സകല ഭൂസീമാവാസികളും യേശുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കുന്നതിനുവേണ്ടിയാണ് ദൈവം തന്റെ പുത്രനെ ഈ ലോകത്തിൽ അയച്ചതും ക്രൂശിൽ മരിപ്പാൻ ഏല്പിച്ചതും. യേശു ക്രൂശുമരണം ഏറ്റതിനെപ്പറ്റി എബ്രായലേഖന കർത്താവ് പറഞ്ഞിരിക്കുന്നത്: തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തുകൊണ്ട് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിച്ചു എന്നാണ് (എബ്രായ 12:2). തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം എന്താണ്? അത് യേശുവിൽ വിശ്വസിച്ച് ദൈവമക്കളായി ജനിക്കപ്പെടുന്ന ഏവരുമാണ് (1 യോഹ. 5:1). കാൽവറി ക്രൂശുമരണത്തിലൂടെ ജനിക്കുന്ന സന്തതിയെപ്പറ്റി അഥവാ ദൈവമക്കളെപ്പറ്റി പ്രവാചകൻ പറഞ്ഞിരിക്കുന്നത്: "എന്നാൽ അവനെ തകർത്തു കളവാൻ യഹോവയ്ക്കു ഇഷ്ടം തോന്നി, അവൻ അവന്നു കഷ്ടം വരുത്തി, അവന്റെ പ്രാണൻ ഒരു അകൃത്യയാഗമായിത്തീർന്നിട്ടു അവൻ സന്തതിയെ കാണുകയും ദീർഘായുസ്സു പ്രാപിക്കുകയും യഹോവയുടെ ഇഷ്ടം അവന്റെ കയ്യാൽ സാധിക്കയും ചെയ്യും (യെശ.53:10). ഒരു സ്ത്രീ വേദനയോടെ പ്രസവിച്ച ശേഷം കുഞ്ഞിനെ കാണുമ്പോൾ തന്റെ വേദന മറന്നുപോകുന്നു എന്ന് മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം ഒരു പാപി യേശുവിൽ വിശ്വസിച്ച് മാനസാന്തരപ്പെടുമ്പോൾ ഒരു ആത്മീകസന്തതി ആത്മാവിൽ ജനിക്കുന്നു. അങ്ങിനെ മാനസാന്തരപ്പെടുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗത്തിൽ ദൈവദൂതന്മാരുടെ മദ്ധ്യേ സന്തോഷം ഉണ്ടാകുമെന്നു കർത്താവ് മുൻകൂട്ടി പറഞ്ഞിരിക്കുന്നുവല്ലോ (ലൂക്കോ.15:10).



### ദൈവത്താലുള്ള ജനനവും മനുഷ്യരാലുള്ള മാനവും

യബ്ബേസ് ഏറ്റവും മാന്യൻ ആയിരുന്നു എന്ന് പറഞ്ഞിരിക്കുന്നതിനാൽ അവൻ ദൈവത്താൽ മാനിക്കപ്പെട്ടവനായിരുന്നു എന്ന് മനസ്സിലാക്കാം. ഈ ലോകം മാനിക്കുന്നത് എങ്ങിനെയുള്ളവരെയാണെന്ന് നമുക്കറിയാമല്ലോ? സമൂഹത്തിൽ ഏറ്റവും മാനിക്കത്തക്ക നല്ല പ്രവൃത്തികൾ ചെയ്തവരെ പുരസ്ക്കാരവും പ്രതിഫലവും നൽകി മാനിക്കുന്നത് നാം കണ്ടിട്ടുണ്ടല്ലോ? വലിയ കണ്ടുപിടിത്തങ്ങൾ ലോകത്തിനു സംഭാവന ചെയ്തിട്ടുള്ളവരെ ബഹുമതി നൽകി ലോകം മാനിക്കാറുണ്ട്. അസ്സാധാരണ കഴിവുകൾ കാഴ്ചവച്ചവരെയൊക്കെ സമൂഹം മാനിക്കാറുണ്ട്. അങ്ങിനെ മാന്യത അർഹിക്കുന്നവരെ വിവിധ നിലയിൽ ലോകം മാനിക്കുന്നു. അത് ഈ ലോകം മാനിക്കുന്ന മാന്യത.

യഹൂദന്മാർ നോക്കി കാത്തിരുന്ന 'മശിഹ' ഈ യേശു തന്നേ ആകുന്നു എന്ന് പ്രമാണികളിൽ അനേകർ വിശ്വസിച്ചു എങ്കിലും അവർക്കു പള്ളിയിലും സമൂഹത്തിലും ലഭിക്കുന്ന മാനം ഉപേക്ഷിച്ച് യേശുവിനെ പിൻപറ്റിയില്ല. പ്രമാണികളിൽ അനേകർ അവനിൽ വിശ്വസിച്ചു എങ്കിലും പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ലതാനും. അവർ ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു (യോഹ. 12:42). ഇന്ന് അനേകർ സത്യം അറിഞ്ഞിട്ടും സത്യത്തെ പിൻപറ്റുന്നില്ല. അവർ ദൈവത്താലുള്ള മാനത്തെക്കാൾ മനുഷ്യരാലുള്ള മാനം ഇഷ്ടപ്പെടുന്നതിനാൽ നിത്യജീവൻ നഷ്ടപ്പെടുത്തുന്നു എന്ന കാര്യം മനസ്സോടെ മറന്നുകളയുന്നു. ശൌൽ രാജാവിന്റെ ജീവിതത്തിലും ഇതുതന്നെ സംഭവിച്ചു. യിസ്രായേലിനു രാജാവായി അഭിഷേകം ചെയ്ത ശൌൽ, യഹോവ തന്നോടു ചെയ്യുവാൻ കല്പിച്ച കാര്യം താൻ ചെയ്തില്ല. അവൻ യഹോവയെ മാനിക്കാതെ ജനത്തെ ഭയപ്പെടുകയാൽ, അഥവാ ദൈവത്തെക്കാൾ അധികം ജനത്തെ മാനിച്ചതിനാൽ ദൈവം ശൌലിനെ രാജസ്ഥാനത്തുനിന്നും തള്ളിക്കളഞ്ഞു (1 ശമു. 15:23-24). (തുടരും)

---

## 2014 ഒക്ടോബർ ലക്കം വേദാഭിമാനിയിൽ പ്രസിദ്ധീകരിച്ച കലാനാഥന്റെ യുക്തിവാദത്തിനുള്ള മറുപടി 10



# ഇതിന് ആര് മറുപടി പറയും?

പ്രൊഫ.ടി.ജോൺ മാത്യു




**ജീ**വോല്പത്തിയെക്കുറിച്ചുള്ള പരിണാമ സിദ്ധാന്തത്തിലെ ആശയം ശരിയാണെന്ന് കരുതുന്നവർക്കു മുമ്പിൽ താഴെപ്പറയുന്ന ചോദ്യങ്ങൾ ഉയർന്നു വരുന്നു. ജീവജാലങ്ങൾ ദൈവത്തിന്റെ സൃഷ്ടികളാണെന്ന് യുക്തിവാദികൾ ചിന്തിക്കാത്തതിനാലും, പരിണാമസിദ്ധാന്തം ശരിയാണെന്ന് അവർ കരുതുന്നതിനാലും ഈ ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ അവർ ബാധ്യസ്ഥരാണ്.

1) പരിണാമം എന്ന പ്രക്രിയ നിങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കിയിട്ടുള്ള ഒന്നാണോ? പരിണാമ സിദ്ധന്തം ശരിയാണെന്ന്. (പരീക്ഷണനിരീക്ഷണങ്ങളിലൂടെ തെളിയിച്ചതാണെന്ന്) യുക്തിവാദികൾ കരുതുന്നുണ്ടോ? ഇല്ലയോ?

2) ജീവനിൽ നിന്നല്ലാതെ ജീവൻ ഉണ്ടാകുന്നതായി ഇതുവരെ വസ്തുനിഷ്ഠമായി തെളിയിക്കപ്പെട്ടിട്ടില്ല. ജീവനില്ലാതിരുന്ന ഭൂമിയിൽ കോടാനുകോടി വർഷം മുമ്പ് ഏതോ പ്രത്യേക സാഹചര്യത്തിൽ യാദൃശ്ചികമായുണ്ടായ രാസപ്രക്രിയകൾ മൂലം ജീവൻ ഉണ്ടാകയും പിൽക്കാലത്ത് അത് അനേകമനേകം ജന്തുസസ്യവർഗ്ഗങ്ങളായി പരിണമിക്കുകയുമാണ് ചെയ്തത് എന്ന പരിണാമസിദ്ധാന്തത്തിലെ ആശയം വസ്തുനിഷ്ഠമാണെന്നാണോ അല്ലെന്നാണോ യുക്തിവാദികൾ കരുതുന്നത്?

3) ഒരു നെന്മണി മുളച്ചു വളർന്ന് അതിൽനിന്ന് അനേകം നെന്മണികൾ ഉള്ള നിരവധി കതിരുകൾ ഉണ്ടാകുന്നതിൽ നിന്ന് തെളിയുന്നത് വിതെക്കപ്പെട്ട നെന്മണിയുടെ ഉള്ളിൽ അനേകമനേകം നെന്മണികളോടു കൂടിയ കതിരുകൾ പ്രത്യക്ഷപ്പെടുത്താനുള്ള കഴിവ് നേരത്തെതന്നെ ഉണ്ടായിരുന്നു എന്നാണ്. ഭൂമിയിൽ കോടാനുകോടി വർഷങ്ങൾക്കു മുമ്പ് തനിയെ ഉണ്ടായതെന്നു പറയുന്ന ആദ്യത്തെ ജീവനുള്ള കോശത്തിൽ നിന്ന് കാലക്രമത്തിൽ ലക്ഷക്കണക്കിന് സസ്യവർഗ്ഗങ്ങളും ജന്തുവർഗ്ഗങ്ങളും പക്ഷിവർഗ്ഗങ്ങളും ഉണ്ടായതാണെങ്കിൽ അവയെ മുഴുവൻ കാലക്രമത്തിൽ പ്രത്യക്ഷമാക്കുന്നതിനുള്ള അതിസങ്കീർണ്ണമായ കഴിവും ഘടനയും ആദ്യമായി രൂപംകൊണ്ട ജീവകോശത്തിൽ ഉണ്ടായിരുന്നു എന്നാണർത്ഥം. ഇന്നത്തെ ലോകത്തിൽ താരതമ്യേന ലളിതമായ കോശഘടനയുള്ള ഒരു ഏകകോശ ജീവിയുടെ ജീവകോശം പോലും തനിയെ ഉണ്ടാകാതിരിക്കുമ്പോൾ, ലക്ഷക്കണക്കിന് സസ്യജന്തുവർഗ്ഗങ്ങളായി പരിണമിക്കാൻ പ്രാപ്തിയുണ്ടായിരുന്ന അതിസങ്കീർണ്ണമായ കോശഘടനയുണ്ടായിരുന്ന ആദ്യത്തെ ജീവകോശം തനിയെ ഉണ്ടായി എന്ന് എങ്ങനെയാണ് യുക്തിപൂർവ്വം തെളിയിക്കുന്നത്?

4) വീടുകളിൽ നാം സാധാരണ ഉപയോഗിക്കുന്ന ഒരു മേശപോലും നിർമ്മിക്കപ്പെടുന്നത്, ഒരു വ്യക്തി (ആൾ) അതിന്റെ ഘടകവസ്തുക്കളെ തന്റെ ഭാവനയിൽ കൂട്ടിച്ചേർത്തുകൊണ്ട് ചിന്തിക്കുന്നതിനെത്തുടർന്നാണ്. നിരവധി ഘടക വസ്തുക്കളാൽ നിർമ്മിതമായിരിക്കുന്ന യാതൊരു വസ്തുവും അതിന്റെ നിർമ്മാതാവിന്റെ ഭാവനയും ചിന്തയും കൂടാതെ സ്വയം നിർമ്മിതമായി തീരുന്നില്ല; മാവിൽ നിന്ന് മാങ്ങാ പറിച്ചെടുക്കാനുപയോഗിക്കുന്ന തോട്ടി നിർമ്മിക്കാൻ രണ്ടോ, മൂന്നോ ഘടക വസ്തുക്കൾ മാത്രമേ ആവശ്യമുള്ളു; അവ തമ്മിൽ യോജിപ്പിച്ച് മാങ്ങാ പറിക്കാനുള്ള ഉപകരണമാക്കി തീർക്കണമെങ്കിൽ ഒരു വ്യക്തിയുടെ ചിന്തയും ഭാവനയും ആവശ്യമാണ്. ലക്ഷക്കണക്കിന് മൃഗസസ്യവർഗ്ഗങ്ങളായി കാലക്രമത്തിൽ പരിണമിക്കുന്നതിനുള്ള അത്ഭുതകഴിവ് ഉൾക്കൊണ്ടിരുന്നതും ലക്ഷക്കണക്കിന് ഘടകവസ്തുക്കൾ പ്രത്യേക നിലയിൽ സംയോജിപ്പിക്കപ്പെട്ടതിന്റെ ഫലമായി രൂപം കൊണ്ടതുമായ, ഭൂമിയിൽ ഉണ്ടായ ആദ്യത്തെ ജീവകോശം എന്ന അത്ഭുതയന്ത്രം ആരുടെയും ചിന്തയും ഭാവനയും കൂടാതെ വെള്ളത്തിന്റെയും, വായുവിന്റെയും, സൂര്യപ്രകാശത്തിന്റെയും, മണ്ണിന്റെയും പ്രതിപ്രവർത്തനം മൂലം യാദൃശ്ചികമായി ഉണ്ടായി എന്ന് ചിന്തിക്കുന്നത് യുക്ത്യാനുസാര ചിന്തയാണോ?

5) പ്രകൃതിയിലെ ഏതൊരു പ്രതിഭാസവും ഏത് സാഹചര്യത്തിൽ സംഭവിച്ചുവോ, ആ സാഹചര്യം വീണ്ടും ഉണ്ടായാൽ അത് വീണ്ടും സംഭവിക്കുന്നു. ഇരുമ്പുപൊടിയുടെ അടുത്ത് കാന്തം കൊണ്ടുവന്നു വയ്ക്കുമ്പോൾ ഇരുമ്പുപൊടി കാന്തത്തിന്മേൽ പറ്റിപ്പിടിക്കുന്നു. എത്ര തവണ വേണമെങ്കിലും നമുക്ക് ഈ പ്രതിഭാസം ആവർത്തിക്കാൻ കഴിയുന്നു. വെള്ളവും, വായുവും, സൂര്യപ്രകാശവും, മണ്ണും പണ്ട് ലക്ഷക്കണക്കിന് വർഷം മുമ്പ് ഏതോ വിധത്തിൽ സംയോജിച്ചപ്പോൾ ആദ്യത്തെ ജീവകോശം ഉണ്ടായി എങ്കിൽ, പില്ക്കാലത്തും അനേകമനേകം തവണ വെള്ളവും, വായുവും, സൂര്യപ്രകാശവും, മണ്ണും തമ്മിൽ പ്രതിപ്രവർത്തിച്ച് ജീവകോശം ഉണ്ടാകുന്ന പ്രക്രിയ ഭൂമിയിൽ എല്ലായിടത്തും നാം കാണേണ്ടതല്ലേ? പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളും ആവർത്തിക്കുന്നവയായിരിക്കുമ്പോൾ ജീവകോശ രൂപീകരണം എന്ന പ്രതിഭാസം മാത്രം ഒരിക്കലും ഒരിടത്തുപോലും ആവർത്തിക്കാത്തത് എന്തുകൊണ്ട്?

6) ലക്ഷക്കണക്കിന് വർഷം മുമ്പ് ഒരിക്കൽ ഒരു പ്രത്യേക സന്ദർഭത്തിൽ ഒരു സ്ഥലത്ത് വെള്ളത്തിൽ ഒരു കരിങ്കൽക്കഷണം വീണപ്പോൾ അത് പൊങ്ങിക്കിടന്നു എന്നും ഈ പ്രതിഭാസം പിന്നെ ഒരിക്കലും ലോകത്തിൽ ഒരിടത്തും ആവർത്തിച്ചിട്ടില്ല എന്നും നാം കേട്ടാൽ യുക്തിക്കു നിരക്കുന്ന ഒരു പ്രസ്താവനയല്ല അതെന്നാണ് നാം പറയുക. അങ്ങനെയെങ്കിൽ ലക്ഷക്കണക്കിന് വർഷം മുമ്പ് ഭൂമിയിൽ വെള്ളവും, വായുവും, സൂര്യപ്രകാശവും, മണ്ണും കൂടി പ്രതിപ്രവർത്തിച്ചപ്പോൾ ഒരിക്കൽ ഒരിടത്ത് ജീവകോശം ഉണ്ടായി എന്നും പിന്നീട് ഒരിക്കലും ഒരിടത്തും ഇത്തരത്തിലുള്ള ജീവകോശത്തിന്റെ രൂപീകരണം ആവർത്തിച്ചിട്ടില്ല എന്നും പറയുന്നത് (പരിണാമ സിദ്ധാന്തമനുസരിച്ചുള്ള അഭിപ്രായം) എങ്ങനെ യുക്ത്യാനുസാരമാകും? ഇന്ന് ആവർത്തിക്കാൻ അസാധ്യമായ പ്രതിഭാസം പണ്ട് സംഭവിച്ചു എന്ന് ചിന്തിക്കണമെങ്കിൽ അത് പണ്ട് സംഭവിച്ചതിന്റെ തെളിവും അത് പിന്നീട് എന്തുകാരണത്താൽ ആവർത്തിക്കുന്നില്ല എന്നതിന്റെ വിശദീകരണവും നമ്മുടെ മുമ്പിൽ വരണം. പണ്ട് വെള്ളവും വായുവും സൂര്യപ്രകാശവും മണ്ണും തമ്മിൽ പ്രതിപ്രവർത്തിച്ചപ്പോൾ ജീവകോശം ഉണ്ടായതിന്റെ എന്തു തെളിവാണ് നമ്മുടെ മുമ്പിലുള്ളത്? അന്ന് ഉണ്ടായി എന്ന് പറയുന്ന ജീവകോശരൂപീകരണമെന്ന പ്രതിഭാസം പിന്നീട് ഒരിക്കലും ആവർത്തിക്കാത്തതിന്റെ വിശദീകരണം എന്താണ്? മറുപടിയുണ്ടോ?

(തുടരും)

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി

ക്രിസ്തു ശിഷ്വത്വത്തെക്കുറിച്ച് പലരും പലതും പറയുന്നു. ശിഷ്വത്വത്തിന് വില നൽകണമെന്ന് വേദപുസ്തകം പഠിച്ചാൽ മനസിലാകും. പക്ഷെ അതെക്കുറിച്ച് ആരും സംസാരിച്ച് കാണുന്നില്ല. വെറും ജഢീകന്മാർ ആയവർ അപ്പോസ്തലന്മാരായും വിലയേറിയ ദാസന്മാരായും ഞെളിഞ്ഞു നടക്കുന്നു. ശിഷ്വത്വത്തിനു വേണ്ടി തനിക്കുള്ളതൊക്കെയും വിട്ടുകളയുവാനും സ്വജീവനേയും വേണ്ടപ്പെട്ടവരേയും വെറുക്കുവാനുമാണ് വചനം ആവശ്വപ്പെടുന്നത്. സഹനവും ത്യാഗവും ഇല്ലാതെ എന്ത് ശിഷ്വത്വം. ജനത്തിന് ബോധ്വവും ധാരണയും ഇല്ലാത്ത ശിഷ്വത്വത്തെക്കുറിച്ച് ഒരു വിശദീകരണം വേദാഭിമാനിയിലൂടെ നൽകുമല്ലോ.

**ജെ. ക്രിസ്തുദാസ്, വീരൻകാവ്, മഠത്തിൽ കോണം, കാട്ടാക്കട, തിരുവനന്തപുരം**

ക്രിസ്തുവിനെ അനുധാവനം ചെയ്യുന്നതാണ് ശിഷ്യത്വം. ഈ ശിഷ്യത്വത്തിലേക്ക് ഓരോ ക്രൈസ്തവനും വിളിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ക്രിസ്തുശിഷ്യത്വം എളുപ്പത്തിൽ നേടിയെടുക്കാവുന്നതല്ല. ശിഷ്യത്വത്തിന് വലിയ വില നൽകേണ്ടതുണ്ട്. വിലകുറഞ്ഞ ശിഷ്യത്വമല്ല വില നൽകേണ്ട ശിഷ്യത്വമാണ് യേശു നമുക്ക് സമ്മാനിക്കുന്നത്. വയലിൽ ഒളിച്ചുവച്ചിരിക്കുന്ന നിധിയെ കണ്ടെത്തുമ്പോൾ തനിക്ക് ഉള്ളതെല്ലാം വിറ്റ് അത് സ്വന്തമാക്കുന്നത് പോലെ നാമും ശിഷ്യത്വം സ്വന്തമാക്കണം. ശിഷ്യത്വം സ്വന്തമാക്കുവാൻ പ്രധാനമായും മൂന്ന് നിബന്ധനകളാണ് യേശു മുന്നോട്ടുവയ്ക്കുന്നത്

## സ്നേഹം.

"സ്വന്തം പിതാവിനെയും മാതാവിനെയും ഭാര്യയേയും മക്കളെയും സഹോദരന്മാരെയും സഹോദരിമാരെയും എന്നല്ല സ്വജീവനെ തന്നെയും വെറുക്കാതെ എന്റെ അടുത്ത് വരുന്ന ആർക്കും എന്റെ ശിഷ്യനായിരിക്കുവാൻ സാധിക്കുകയില്ല."

ശിഷ്യത്വം സ്വീകരിക്കുവാൻ യേശു മുന്നോട്ടുവയ്ക്കുന്ന ആദ്യത്തെ ഉപാധി ഈ ലോകത്തിൽ തനിക്ക് സ്വന്തമായി ഉള്ളവരേക്കാൾ ഉപരി ദൈവത്തെ സ്നേഹിക്കുക എന്നതാണ്. ഒരുവന് വിലപ്പെട്ടത് അവന്റെ ജീവനാണ്. അത് നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടപ്പെട്ടും. തന്റെ ജീവനുശേഷം അവൻ വില നൽകുന്നത് തന്റെ ഭാര്യയ്ക്കും, കുഞ്ഞുങ്ങൾക്കും, മാതാപിതാക്കൾക്കും, സഹോദരങ്ങൾക്കുമാണ്. തന്റെ പ്രിയപ്പെട്ടവരെ നഷ്ടപ്പെടുത്തുക എന്നാൽ താങ്ങാനാവാത്ത ദുഃഖമാണ്. എന്നാൽ യേശു തന്റെ ശിഷ്യത്വം സ്വീകരിക്കുവാൻ, താൻ വിലപ്പെട്ടത് എന്ന് കരുതുന്നവയും, തനിക്ക് പ്രിയപ്പെട്ടവരെയും ഉപേക്ഷിക്കുവാനാണ് ആവശ്യപ്പെടുന്നത്. ക്രിസ്തുവിന്റെ ശിഷ്യനാകാൻ ആഗ്രഹിക്കുന്നവൻ സ്വന്തം ജീവിതത്തിൽ യേശുവിന് പ്രഥമ സ്ഥാനം നൽകണം; രക്തബന്ധത്തിന്, കുടുംബ ബന്ധത്തിന് രണ്ടാം സ്ഥാനമേ നൽകാവൂ. ശിഷ്യത്വത്തിന്റെ ഈ വില വ്യക്തമാക്കാനാണ് യേശു കുടുംബത്തെയും സഹോദരങ്ങളെയും വെറുക്കാൻ ആവശ്യപ്പെടുന്നത്. വെറുക്കുക എന്ന പദം സ്നേഹത്തിന്റെ ഏറ്റക്കുറച്ചിലിനെ കാണിക്കുവാൻ ഉപയോഗിക്കുന്ന സെമിറ്റിക് ശൈലിയാണ്. വെറുക്കുക എന്നാൽ ഒരാളെ മറ്റൊരാളെക്കാൾ കുറച്ച് സ്നേഹിക്കുക എന്നാണ് അർത്ഥം. മാതാപിതാക്കളെയും കുടുംബത്തേയുംകാൾ ദൈവത്തെ സ്നേഹിക്കുക എന്നാണ് അർത്ഥം. അല്ലാതെ വെറുക്കുക എന്ന പദം അക്ഷരാർത്ഥത്തിൽ മനസ്സിലാക്കേണ്ടതല്ല. കാരണം സ്നേഹിക്കാൻ പഠിപ്പിച്ച യേശുവിന് ഒരിക്കലും വെറുക്കപ്പെടുക സാധ്യമല്ല. വിശുദ്ധ ഗ്രന്ഥംപഠിപ്പിക്കുന്നു: "സഹോദരനെ വെറുക്കുന്നവൻ കൊലപാതികയാണ്. കൊലപാതകിയിൽ നിത്യജീവൻ വസിക്കുന്നില്ല എന്ന് നിങ്ങൾക്ക് അറിയാമല്ലോ?" (1 യോഹ.3:15). വീണ്ടും വായിക്കുന്നു "ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളംപറയുന്നു" (1 യോഹന്നാൻ 4:20). യേശു പഠിപ്പിച്ചത് "നിന്നെ പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക" (മത്തായി 22:39) എന്നാണ്.



സുവിശേഷങ്ങളിൽ ഒരുപോലെ അവതരിപ്പിക്കുന്ന ആശയമാണ് ശിഷ്യത്വം കുടുംബ ബന്ധങ്ങളുമായി ഒത്ത് പോകുന്ന ഒന്നല്ല എന്ന്. "എന്നേക്കാൾ അധികം പിതാവിനെയോ, മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്ക് യോഗ്യനല്ല; എന്നേക്കാൾ അധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവനും എനിക്ക് യോഗ്യനല്ല" (മത്തായി 10:37). ശിഷ്യത്വത്തിന് കുടുംബ ബന്ധങ്ങൾ തടസമാകുന്നുവെങ്കിൽ അത് ഉപേക്ഷിക്കണമെന്നാണ് യേശു വ്യക്തമാക്കുന്നത്. യേശുവിന്റെ വിളിയും മാതാപിതാക്കളുടെ ആഗ്രഹവും ഒരേ ത്രാസിൽ കൊണ്ടുവരേണ്ടതില്ല. ദൈവരാജ്യ പ്രഘോഷണമാണ് എല്ലാ ബന്ധങ്ങളേക്കാളും ശ്രേഷ്ഠവും പ്രധാനവും. ശിഷ്യത്വം സ്വീകരിക്കുന്നവൻ ഈ ലോകത്തിലെ സൃഷ്ടികളെക്കാൾ ദൈവത്തെ സ്നേഹിക്കണം. ഈ ശിഷ്യത്വത്തിന് നൽകേണ്ട വിലയാണ് സഹനം.

## സഹനം

"സ്വന്തം കുരിശ് വഹിക്കാതെ എന്റെ പിന്നാലെ വരുന്നവന് എന്റെ ശിഷ്യനായിരിക്കുവാൻ കഴിയുകയില്ല." യേശുവിന്റെ ശിഷ്യനാകാൻ ആഗ്രഹിക്കുന്നവൻ സ്വന്തം കുരിശ് വഹിക്കാൻ കെൽപ്പുള്ളവനാകണം. അവൻ ജീവിതപ്രശ്നങ്ങളുടെ കുരിശ് ക്ഷമയോടെ വഹിക്കാൻ തയ്യാറാകണം. സുവിശേഷത്തിലുടനീളം കുരിശും ശിഷ്യത്വവും തമ്മിലുള്ള ബന്ധത്തെ പ്രതിപാദിക്കുന്നുണ്ട്. "ആരെങ്കിലും എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവൻ തന്നെതന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശും എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്കോ.9:23; മർക്കോ.8:34; മത്താ.16:24). "സ്വന്തം കുരിശ് എടുത്ത് എന്നെ അനുഗമിക്കാത്തവൻ എനിക്ക് യോഗ്യനല്ല (മത്താ.9:38). സ്വന്തം കുരിശ് എടുക്കുക എന്നാൽ യേശുവിനെ പ്രതിസഹിക്കുക എന്നാണ്. കുരിശ് സഹനത്തെ സൂചിപ്പിക്കുന്ന പദമാണ്.

കുരിശിന്റെ മാർഗമാണ് ശിഷ്യന്റെ മാർഗവും, കുരിശിലേക്കാണ് രക്ഷകൻ നമ്മെ ക്ഷണിക്കുന്നത്. ജറുസലേമിലേക്കുള്ള യാത്രയിൽ യേശു ശിഷ്യന്മാരെ ക്ഷണിക്കുമ്പോൾ യേശുവിനെ പോലെ കുരിശ് ചുമക്കാനും ക്രൂശിക്കപ്പെടാനുമാണ് വിളിക്കുന്നത്. നമ്മുടെ കുരിശിനെ ക്ഷമയോടും സന്തോഷത്തോടും വഹിക്കാനാകണം. സഹനം ക്രിസ്തുസ്നേഹത്തിന്റെ ഉരകല്ലാണ്. ക്രിസ്തുശിഷ്യൻ യഥാർത്ഥത്തിൽ സ്നേഹിക്കുന്നുണ്ടോ? എന്നതിന് വ്യക്തമായ തെളിവാണ് ആ സ്നേഹത്തെ പ്രതി അവൻ വഹിക്കുന്ന, സഹനം. "സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനേക്കാൾ വലിയ സ്നേഹം ഇല്ല" (യോഹ.15:13). "സ്നേഹം സകലതും സഹിക്കുന്നു" ( 1 കൊരി. 13:17). സഹനമാണ് ശിഷ്യത്വം ആവശ്യപ്പെടുന്ന രണ്ടാമത്തെ മാനദണ്ഡം.

## ത്യാഗം

"തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എന്റെ ശിഷ്യനാകുവാൻ സാധ്യമല്ല."

"ശിഷ്യത്വം" തനിക്കുള്ള എല്ലാ സമ്പത്തും ഉപേക്ഷിക്കുവാനാണ് ആവശ്യപ്പെടുന്നത്. തന്റെ മാതാപിതാക്കളും കുടുംബവും കഴിഞ്ഞാൽ ഒരുവന് ഏറ്റവും വിലപ്പെട്ടത് സമ്പത്താണ്. തനിക്കുള്ള സമ്പത്തിനെ ഉപേക്ഷിക്കാതെ ക്രിസ്തു ശിഷ്യനാകാൻ സാധിക്കുകയില്ല. കാരണം ദൈവത്തെയും മാമോനെയും ഒരുപോലെ സേവിക്കാനാവില്ല" (മത്തായി 6:24). ദൈവത്തെ സ്വന്തമാക്കാൻ ഒരുവൻ ലോക വസ്തുക്കളെയും സമ്പത്തിനെയും ത്യജിക്കണം. "ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കില്ല" (1 യോഹ.2:15). പണം ഒരിക്കലും സുരക്ഷിതത്വം നൽകുകയില്ല; നിത്യജീവൻ സമ്മാനിക്കുകയുമില്ല. യേശു, ധനികനായ യുവാവിനോട് തനിക്കുള്ളതെല്ലാം വിറ്റ് അനുഗമിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ അവൻ വിഷാദിച്ച് സങ്കടത്തോടെയാണ് തിരിച്ചുപോയത്. കാരണം, അവന് വളരെയേറെ സമ്പത്തുണ്ടായിരുന്നു. ശിഷ്യത്വം സ്വീകരിക്കുവാൻ സമ്പത്ത് ആ യുവാവിന് തടസമായി ഭവിച്ചു. യേശു വ്യക്തമാക്കുന്നു: "സമ്പത്തുള്ളവൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് എത്ര ദുഷ്കരം!" ധനികൻ ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിനേക്കാൾ എളുപ്പം ഒട്ടകം സൂചിക്കുഴയിലൂടെ കടന്നുപോകുന്നതാണ്" (ലൂക്കോ.18:24).

എന്നെ അനുഗമിക്കുക എന്ന് യേശു ശിമയോനോടും അന്ത്രയോസിനോടും പറഞ്ഞപ്പോൾ അവർ തങ്ങൾക്ക് സുരക്ഷിതത്വം നൽകിയ വല ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു. അതുപോലെ തന്നെയാണ് സെബദീപുത്രന്മാരും (മർക്കോ.1:16-20).

ശിഷ്യത്വത്തിന് വലിയവില നൽകേണ്ടതുകൊണ്ട് അത് സ്വീകരിക്കുന്നതിനു മുൻപ് ഉചിതമായ തീരുമാനമെടുക്കേണ്ടത് അനിവാര്യമാണ്. ഗോപുരം പണിക്കാരന്റെയും യുദ്ധത്തിന് പോകുന്ന ബുദ്ധിമാനായ രാജാവിന്റെയും ഉപമയിലൂടെ തീരുമാനം എടുക്കേണ്ടതിന്റെ ആവശ്യകതയാണ് വ്യക്തമാക്കുന്നത്. ശിഷ്യത്വം ചെറിയ കാര്യമല്ല, മറിച്ച് ഗോപുരം പണിയലാണ്. ഗോപുരം പണിയാനോ പണിയാതിരിക്കാനോ ഉള്ള അവകാശം എല്ലാവർക്കുമുണ്ട്. പണിയാൻ തീരുമാനിച്ചാൽ കണക്കുകൂട്ടലുകൾ അത്യാവശ്യമാണ്. യേശുവിന്റെ ശിഷ്യനാവാൻ പുറപ്പെടുമ്പോൾ അവിടുന്ന് ആവശ്യപ്പെടുന്ന വില പൂർണ്ണമായ് നൽകാൻ സാധിക്കുമോ എന്നു ചിന്തിക്കണം. അതുപോലെ അക്രമ ഭീതിയിലമരുന്ന രാജാവ് യുദ്ധം ചെയ്യാനോ ചെയ്യാതിരിക്കാനോ ഉള്ള തീരുമാനം എടുക്കേണ്ടത് ആവശ്യമാണ്. ശരിയായ ബോധ്യവും വ്യക്തമായ ധാരണയുമില്ലാതെ ശിഷ്യത്വം ഏറ്റെടുത്താൽ അത് തെറ്റായ തീരുമാനമായിരിക്കും. ശിഷ്യത്വത്തിന്റെ വില മനസ്സിലാക്കി യുക്തവും ഉചിതവുമായ തീരുമാനമെടുക്കാം.

This is The Word of God
Visit us:
www.vedabhimani.com

# VEDABHIMANI

Annual Subscription Rs. 150/-
RNI Reg. No. 7361/02 Postal Reg. No. KL/MVK/184/2015-17
Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

Published on 1st October 2015
Posted on 15, 16 October 2015
Posted at R.M.S. Kayamkulam

## നിഷ്ക്കളങ്ക സ്നേഹം



ഒരു കൊച്ചു പെൺകുട്ടിയുടെ മനോഹരമായ ഒരു കഥയുണ്ട്. അവൾ അപ്പനെയും അമ്മയെയും വളരെയധികം സ്നേഹിച്ചിരുന്നു. മറ്റുള്ളവരെയും സ്നേഹിക്കുന്ന സൽസ്വഭാവിയുമായിരുന്നു അവൾ.

ഒരു ദിവസം അവൾ ഇരു കൈയിലും ആപ്പിളുമായി നിൽക്കുമ്പോൾ അമ്മ പുഞ്ചിരിയോടെ അടുത്തുവന്ന് പറഞ്ഞു: 'എന്റെ പൊന്നുമോളേ, നിന്റെ കൈയിലുള്ള രണ്ട് ആപ്പിളിൽ ഒന്ന് അമ്മയ്ക്കു തരാമോ?



അവൾ അല്പനേരം അമ്മയെ നോക്കി നിന്നു. പെട്ടെന്ന് ഒരു ആപ്പിളിൽ അവൾ കടിച്ചു. പിന്നാലെ ശേഷിച്ചതിലും. ഇതുകണ്ട് അമ്മയുടെ മുഖത്തെ പുഞ്ചിരി മാഞ്ഞു. അവർ പരിഭവം അറിയിക്കാതിരിക്കാൻ നന്നേ ശ്രമിച്ചു. ഇവൾ എന്തു ദുഷ്ടയാണ് എന്നു ചിന്തിച്ചു. അടുത്ത നിമിഷം ആ കൊച്ചുപെൺകുട്ടി ഒരു ആപ്പിൾ അമ്മയുടെ നേരെ നീട്ടിയിട്ടു പറഞ്ഞു: ' ഈ ആപ്പിൾ അമ്മയ്ക്കുള്ളതാണ്. ഇതിന് മറ്റേതിനെക്കാൾ മധുരമുണ്ട്.' ഇതു കേട്ടപ്പോൾ അമ്മയുടെ മുഖം വികസിച്ചു. മകളുടെ നിഷ്കളങ്ക സ്നേഹത്തിൽ അവർക്ക് അഭിമാനം തോന്നി. പലപ്പോഴും കാര്യങ്ങളുടെ പൂർണത അറിയാതെയാണ് നാം മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതും വിമർശിക്കുന്നതും.

ആളുകൾ നമ്മെ മനസിലാക്കാതെ പോകുന്നത് വേദനയുളവാക്കുന്ന കാര്യമാണ്. തെറ്റിദ്ധാരണയുടെ ഇരകളായി ജീവിതം തകർന്നടിഞ്ഞവർ നിരവധിയാണ്. മറ്റുള്ളവരെപ്പറ്റി അഭിപ്രായ പ്രകടനം നടത്തുമ്പോൾ ഇക്കാര്യം നാം ഓർമിക്കണം. ഏറ്റവും നല്ലത് മറ്റുള്ളവർക്ക് നൽകുവാനുള്ള മനസൊരുക്കവും ഉദാരതയും നമുക്കുണ്ടാകണം. നമുക്കു സ്നേഹിക്കാതെ നൽകാം. എന്നാൽ നൽകാതെ സ്നേഹിക്കാൻ കഴിയില്ല.

സ്വാർത്ഥതയില്ലാതെ മറ്റുള്ളവരെ സ്നേഹിക്കുമ്പോഴാണ് ജീവിതംകൊണ്ട് എന്തെങ്കിലും നേടാൻ കഴിയുക.

## തിരിച്ചറിയുക തുണയാവുക

ചില കുടുംബങ്ങൾ മോർച്ചറി പോലെയാണ്, മിണ്ടാട്ടമേയില്ല. ചില ഭവനങ്ങളിൽ വല്ലപ്പോഴും മാത്രമേ മിണ്ടാട്ടമുള്ളു. കുട്ടിയൊരു സംശയം ചോദിച്ചാൽ 'വാർത്ത കാണാൻ സമ്മതിക്കില്ലേ. ഒന്നു മിണ്ടാതിരി...' ഭാര്യ കുശലത്തിനുവന്നാൽ 'ഫോൺ ചെയ്യാനും സമ്മതിക്കില്ല...' ചിലയിടത്തു നേരെ തിരിച്ചാണ്. ഭാര്യയോടൊന്നു കൊഞ്ചാൻ ചെന്നാൽ 'അലക്കും അടുക്കളപ്പണിയും പിന്നാരു ചെയ്യും?'

ഇരട്ടക്കുഞ്ഞുങ്ങളെ രണ്ടുകൈയിലും തൂക്കിനടക്കും പോലെ രണ്ടു കൈയിലും ഫോണുമായിട്ടാണ് ചില ഭർത്താക്കന്മാർ വീട്ടിലേക്കു വരാറുള്ളത്. രണ്ടു ഫോണിനേയും മാറി മാറി സ്നേഹിക്കും. ഇതു കണ്ട് ഒന്നും മിണ്ടാനാവാതെ രണ്ടു മക്കൾ ഇടതും വലതും നിൽക്കും. ഭാര്യ അടുക്കളയിലും.



ഒരിക്കൽ ഞാൻ കുറച്ചു കുട്ടികളോടു ചോദിച്ചു: "മക്കളേ ദൈവം എവിടെയാണ് ഇരിക്കുന്നത്?" നിഷ്കളങ്കമായ ഉത്തരങ്ങൾ വരാൻ തുടങ്ങി. പൂജാമുറിയിൽ, ആരാധനാലയത്തിൽ... പക്ഷേ, ഒരുത്തൻ പറഞ്ഞ ഉത്തരം ഇതായിരുന്നു: ദൈവം ബാത്റൂമിലാണ്.'

ഞാനൊന്നു ഞെട്ടി. അതുവരെ ആരും അങ്ങനൊരുത്തരം പറഞ്ഞിട്ടില്ല. ആ കുഞ്ഞിനെ അടുത്തു വിളിച്ചു കാര്യം അന്വേഷിച്ചു. അവന്റെ അമ്മ പറയുന്നതാണത്രെ ഇത്. അച്ഛൻ രാവിലെ ബ്രഷും പേസ്റ്റും മൊബൈലുമെടുത്ത് ബാത്റൂമിൽ പോവും. ഒരു മണിക്കൂർ കഴിയുമ്പോൾ അമ്മ ഉറക്കെ ചോദിക്കും: "എന്റെ ദൈവമേ ഇനിയും ഇറങ്ങിയില്ലേ..." പിന്നെയും കാണാഞ്ഞപ്പോൾ അടുത്ത ചോദ്യം: "ദൈവമേ, എന്തൊരു ഇരിപ്പാണിത്. ഒന്നു വേഗം വാ..."

അവനെ കുറ്റം പറഞ്ഞിട്ടു വല്ല കാര്യവുമുണ്ടോ? കൊച്ചിന്റെ വിചാരം ദൈവം ബാത്റൂമിലാണെന്നാ... വീട് മൗനസമര വേദിയാവരുത്. അതൊരു പൂങ്കാവനമാണ്. കിളികളെപോലെ ദമ്പതികൾ, അണ്ണാറക്കണ്ണന്മാരെ പോലെ കുട്ടികൾ. തണൽ മരങ്ങളെ പോലെ മുതിർന്നവർ...

ദമ്പതിമാർക്കിടയിൽ തുണയായിരിക്കുക എന്നതാണു പ്രധാനം. ഒരാളുടെ കുറവു മറ്റെയാൾ പരിഹരിക്കുമ്പോഴാണു ചേർന്ന തുണയായിത്തീരുന്നത്. ഇതൊക്കെ മനസ്സു തുറന്നു സംസാരിച്ചാലേ മനസ്സിലാവൂ.

### തിരിച്ചറിയുക പരസ്പരം

ഒരുപാടു സംസാരിക്കുന്നവന് അൽപം സംസാരിക്കുന്ന ഭാര്യയെ കിട്ടിയാൽ അത് ദൈവനിശ്ചയമെന്നു വിചാരിക്കുക. മുൻകോപമുള്ളവനു ശാന്തശീലക്കാരിയെ ദൈവം നൽകും. പിശുക്കനായ ഭർത്താവിനു ധൂർത്തടിക്കുന്നവളെ ലഭിക്കും. പ്രാർത്ഥിക്കാത്തവനു പ്രാർത്ഥന നിർത്താത്തവളെ ലഭിക്കും. ഈ പരസ്പര വ്യത്യാസങ്ങൾ പരസ്പര പൂർത്തീകരണത്തിന് ദൈവം നൽകുന്നതാണ്. ഇങ്ങനെയായാൽ മാത്രമേ കുടുംബം രക്ഷപ്പെടുകയുള്ളു.

പരസ്പരം കുറവുകളെ തിരിച്ചറിയൂ. തിരുത്തേണ്ടതു തിരുത്തി പരസ്പരം ബലപ്പെടുത്തുക. വിവാഹത്തിന്റെ ആദ്യനാളുകളിൽ ഈ സ്വഭാവവ്യത്യാസങ്ങൾ ദമ്പതികളെ അസ്വസ്ഥരാക്കിയേക്കാം. പക്ഷേ, കാലക്രമത്തിൽ തിരിച്ചറിവ് ലഭിക്കുകയും പരസ്പരം ബലപ്പെടുത്താൻ ഇവ കാരണമായിത്തീരുകയും ചെയ്യും.

തക്കതായ തുണയായിരിക്കുക എന്നതാണ് അടുത്ത കാര്യം. അവസരത്തിനൊത്ത ഉപദേശങ്ങൾ പരസ്പരം നൽകണം. ഏതൊരു പുരുഷന്റെയും വിജയത്തിനു പിന്നിൽ ഒരു സ്ത്രീയുടെ സമർഥമായ സാന്നിധ്യം കാണാം. ഭാര്യയ്ക്കു പഠനക്കുറവാണെന്നു പറഞ്ഞു തള്ളരുത്. ഭർത്താവിനു കഴിവില്ലെന്നു പറഞ്ഞ് ഒഴിഞ്ഞു മാറരുത്. വിവാഹബന്ധത്തിലൂടെ ദമ്പതികൾ ഒന്നായിത്തീരുമ്പോൾ പരസ്പരം തുണയായിരിക്കാനുള്ള കൃപയും അവർക്കു ലഭിക്കുന്നുണ്ട്.

അവസരമറിഞ്ഞ് ഉപദേശിക്കുകയും സാഹചര്യമനുസരിച്ചു സഹകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന ദമ്പതിമാരാണു തക്കതായ തുണകൾ.

**ശ്രദ്ധിച്ചു കേൾക്കൂ....**

ഏതു പ്രതിസന്ധിയിലും പങ്കാളിക്ക് തക്കതായ തുണയാവുക. ആരുമില്ലെങ്കിലും ഒരു തുണ എനിക്കുണ്ട് എന്ന തോന്നൽ പരസ്പരം വളർത്തണം. ആരു വിശ്വസിച്ചില്ലെങ്കിലും പങ്കാളി മനസ്സു തിരിച്ചറിയും എന്നുറപ്പിക്കുക. അങ്ങനൊരു ബന്ധം വളർത്തുക. വീട്ടിലെ സമയം കുടുംബത്തിനു കൂടിയുള്ളതാണ്. നിങ്ങൾക്കു മാത്രമുള്ളതല്ല.



## ഡയെലോഗ്

ടൈറ്റസ് കാർത്തികപ്പള്ളി

☺എന്താണ് അനുഗ്രഹത്തിനും സമ്പത്തിനും ഒരു കുഴപ്പം.

*റവ.ബെന്നി ഫിലിപ്പോസ്, തുരുത്തമ്പലം, കുളക്കട, കൊട്ടാരക്കര.*

**☹നിങ്ങൾ പറയുന്ന അനുഗ്രഹം അത്യാഗ്രഹത്തിന്റെ പുത്രനും സമ്പത്ത് ധൂർത്തിന്റെ പിതാവുമാണ്.**

☺ഒരു പീക്കിരി പത്രത്തിന് സഭാനേതൃത്വത്തെ നിലയ്ക്കുനിർത്താൻ കഴിയുമോ.

*ബിജോയി പീടികയിൽ, എസ്.എൻ.പുരം, പാമ്പാടി, കോട്ടയം.*

**☹പതിനൊന്നടി ഉയരവും ആറ് ടൺ ഭാരവുമുള്ള ഇടഞ്ഞ കൊമ്പനെ നൂറ്റമ്പത് സെന്റീമീറ്റർ നീളവും അറുപതുകിലോ ഭാരവുമുള്ള പാപ്പാൻ എന്ന മനുഷ്യൻ തന്റെ പീക്കിരി തോട്ടികൊണ്ട് നിലയ്ക്കു നിർത്തുന്നതുപോലെ വിലയേറിയ ദാസനെ വിലയില്ലാതാക്കി തളയ്ക്കാൻ ഒരു പീക്കിരി പത്രം ധാരാളം മതി.**

☺ന്യൂ ജനറേഷൻ സഭകൾക്ക് ജീവിത - ഉപദേശ വിശുദ്ധിയുള്ള ഒരു നേതൃത്വം ഉണ്ടാകാൻ എത്ര കാലം കാത്തിരിക്കണം.

*പാസ്റ്റർ വി.റ്റി. ഏബ്രഹാം, ജഗതി, തൈക്കാട്, തിരുവനന്തപുരം.*

**☹ന്യൂ ജനറേഷന്റെ പോക്ക് ഇങ്ങനെയാണേൽ അവർക്ക് ഉപദേഷ്ടാക്കന്മാരുടെ ആവശ്യമേ വരുന്നില്ലല്ലോ.**

☺ പ്രേമത്തെ നമ്മൾ പിന്തുണയ്ക്കാത്തതെന്തുകൊണ്ട്.

*ഫേബാ ചെറിയാൻ, തലക്കോട്, കോതമംഗലം, എറണാകുളം.*

**☹പ്രേമം പ്രേതമായി മാറുന്നതുകൊണ്ട്.**

☺കൃപാവരപ്രാപ്തർ എന്ന പേരിൽ അറിയപ്പെടുന്ന വ്യാജന്മാർക്ക് "തൂക്കുകയർ" നിയമം നടപ്പാക്കുന്നതിനെക്കുറിച്ച്.

*അറയ്ക്കൽ ജോൺസൺ, ചേന്നമംഗലം, പറവൂർ, എറണാകുളം.*

**☹തൂക്കുകയർ വേണ്ട 'മൂക്കുകയർ' മതി.**




Printed, Published and owned by Titus Mathew, Punnoothara, Karthikappally 690 516. Ph: 9847232598, 9847990939
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally, Alappuzha Dist., Kerala. Editor : Titus Mathew